أحكام فقهية ـ مليالم

# അനുഷ്ഠാന വിധികൾ

26

جمعية الدعوة والإرشاد وتوعية الجاليات بالزلفي

هاتف: ٤٢٣٤٤٦٦ ٠١٦ ـ فاكس: ٤٢٣٤٤٧٧ ٠١٦

جمعية الدعوة بالزلفي

# അനുഷ്ഠാന വിധികൾ

## أحكام فقهية – اللغة المليالم

جمعية الدعوة والإرشاد وتوعية الجاليات في الزلفي
Tel: 966 164234466 - Fax: 966 164234477

# أحكام فقهية

**ترجمه إلى اللغة المليالم:**

**جمعية الدعوة والإرشاد وتوعية الجاليات بالزلفي**

**الطبعة الرابعة: ١٤٤٢/٩ هـ**


ⓗ شعبة توعية الجاليات بالزلفي، ١٤١٧هـ

فهرسة مكتبة الملك فهد الوطنية أثناء النشر

شعبة توعية الجاليات بالزلفي

أحكام فقهية – الزلفي

.. ص؛ .. سم

ردمك : ٥-٢١-٨١٣-٩٩٦٠

(النص باللغة المليالم)

١-العبادات (الفقه الإسلامي) ٢- الأحكام الشرعية

أ. العنوان

ديوي ٢،٢٥٢ ١٧/٠٩٤٨

رقم الإيداع : ١٧/٠٩٤٨

ردمك : ٥-٢١-٨١٣-٩٩٦٠

# ഉള്ളടക്കം


| വിഷയം | പേജ് |
| --- | --- |
| സകാത് | 5 |
| സ്വർണ്ണം, വെള്ളി | 6 |
| കച്ചവടത്തിന്റെ സകാത് | 8 |
| ഉൽപന്നങ്ങളുടെ സകാത് | 9 |
| കന്നുകാലികൾ | 10 |
| സകാതിന്റെ അവകാശികൾ | 12 |
| കുറിപ്പുകൾ | 14 |
| **വൈവാഹിക നിയമങ്ങൾ** | 15 |
| വിവാഹം; നിബന്ധനകൾ | 15 |
| വിവാഹാനന്തരം | 17 |
| വിവാഹം; സുന്നത്തുകളും മര്യാദകളും | 19 |
| ഇണയുടെ ഗുണങ്ങൾ | 21 |
| വിവാഹം നിഷിദ്ധമാക്കപ്പെട്ട സ്ത്രീകൾ | 21 |
| ത്വലാഖ് (വിവാഹമോചനം) | 26 |
| ത്വലാഖുമായി ബന്ധപ്പെട്ട കാര്യങ്ങൾ | 28 |
| ഖുൽഅ് | 29 |
| വിവാഹത്തിലെ സ്വാതന്ത്ര്യം | 30 |
| മിശ്ര വിവാഹം | 31 |
| **ഭക്ഷണങ്ങൾ** | 40 |
| അറവ്; വിധികൾ | 43 |
| അറവിന്റെ നിബന്ധനകൾ | 44 |
| അറവിന്റെ മര്യാദകൾ | 45 |
| വേട്ടയാടൽ | 45 |
| ജീവികളെ പരിശീലിപ്പിക്കൽ | 46 |

# أحكام الزكاة
# സകാത്

*സകാതിൻെറ വിധി: ഇസ്ലാമിൻെറ സ്തംഭങ്ങളിൽ മൂന്നാമത്തേ താണ് സകാത്. ഒരുമുസ്ലിം നിശ്ചിത അളവ് സമ്പത്തിൻെറ ഉട മസ്ഥനായി, ഒരുവർഷം പൂർത്തിയായാൽ അവന്ന് സകാത് നിർ ബന്ധമായി. അല്ലാഹു പറയുന്നു:*

﴿ وَأَقِيمُوا الصَّلَوٰةَ وَآتُوا الزَّكَوٰةَ ﴾ (البقرة:١١٠)

*നിങ്ങൾ പ്രാർത്ഥന മുറപ്രകാരം നിർവ്വഹിക്കുകയും സകാത് നൽകുകയും ചെയ്യുക (വി.ഖു. 2:110)*

*സകാത് നിയമമാക്കിയതിൽ ചില തത്വങ്ങളും ഉപകാരങ്ങളുമുണ്ട്.*

*1-ആത്മസംസ്കരണം. പിശുക്ക്, ലുബ്ധത എന്നിവയിൽനിന്ന് അ തിനെ അകറ്റിനിറുത്തൽ.*

*2-മുസ്ലിമിനെ ഔദാര്യശീലം പരിശീലിപ്പിക്കൽ.*

*3-ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സ്നേഹത്തിൻെറ കണ്ണി ശ ക്തമാക്കൽ. കാരണം തനിക്കു നന്മചെയ്യുന്നവരെ സ്നേഹിക്കാ ൻ മനസ്സു നിർബന്ധിതമാകും.*

*4-ദരിദ്രൻെറ ആവശ്യപൂർത്തികരണം. ദാരിദ്ര്യ നിർമാർജ്ജനം.*

*5-മനുഷ്യനെ വൻദോഷങ്ങളിൽ നിന്നും, പാപപങ്ങളിൽ നിന്നും ശു ദ്ധിയാക്കൽ സകാതിൻെറ ഗുണങ്ങളിൽപെട്ടതാണ്. അതുമൂലം അ വൻെറ പാപങ്ങൾ മായ്ക്കപ്പെടുകയും, പദവികൾ ഉയർത്തപ്പെടു കയും ചെയ്യും.*

*എന്തിനെല്ലാം?*

*സ്വർണ്ണം, വെള്ളി, വ്യാപാരവസ്തുക്കൾ, നാൽകാലികൾ, ഭൂമിയിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ധാന്യങ്ങൾ, ഫലവർഗ്ഗങ്ങൾ, ഖനിജ ങ്ങൾ എന്നിവക്ക് സകാത് നിർബന്ധമാണ്.*

## സ്വർണ്ണം, വെള്ളി

*ഇവരണ്ടും ഏത് രൂപത്തിലായിരുന്നാലും സകാത് നിർബന്ധമാണ്. സ്വർണ്ണവും വെള്ളിയും നിസ്വാബ് (നിശ്ചിത തോത്) കയ്യിലുള്ളവ ർ സകാത് നൽകണം. സ്വർണ്ണത്തിൻെറ നിസ്വാബ് 20 മിഥ്ഖാൽ ആ കുന്നു. 20മിഥ്ഖാൽ മെട്രിക് തൂക്കത്തിൽ 70*ഗ്രാം ആകുന്നു. വെള്ളി യുടെ നിസ്വാബ് -നബിയുടെ കാലത്തെ-200 ദിർഹം ആകുന്നു. അ തായത് 460ഗ്രാം. നിശ്ചിത തോത് സ്വർണ്ണം ഉടമസ്ഥതയിലുള്ള വൻ 2.5% സകാത് നൽകണം. വെള്ളിയും ഇപ്രകാരം തന്നെ. ഇവ യുടെ സകാത് പണമായിട്ട് നൽകാൻ ഉദ്ദേശിക്കുന്നവർ, വർഷം തി കയുന്ന അവസരത്തിൽ സ്വർണ്ണത്തിൻെറയും വെള്ളിയുടെയും വില യന്വേഷിച്ച് തദടിസ്ഥാനത്തിൽ സകാത് നൽകണം.*

---

**85ഗ്രാം ആണെന്ന സുപ്രസിദ്ധ അഭിപ്രായവും ഉണ്ട്. മിഥ്ഖാലിനെ ഗോതമ്പു മണിക്കു സമമായി തൂക്കിക്കണക്കാക്കി പറഞ്ഞിട്ടുള്ളതാ ണ് 70 ഗ്രാം എന്നത്. ദാതാവിൻെറ സൂക്ഷ്മതക്കും ദരിദ്രൻെറ അ വകാശം കൂടുതലായി കിട്ടുവാനും ഏറ്റവും നല്ലതെന്ന നിലക്ക് ഈ അഭിപ്രായം പണ്ഡിതർ മുൻതൂക്കം നൽകിയിരിക്കുന്നു. വെ ള്ളിയുടെ നിസ്വാബും (590ഗ്രാം) അങ്ങനെ തന്നെ [വിവ:]*

*ഉദാ:- ഒരാളു ടെ കയ്യിൽ 100 ഗ്രാം സ്വർണ്ണമുണ്ട്. നിസ്വാബ് എത്തിയതുകൊണ്ട് സകാത് നിർബന്ധമാണ്. 2.5% ആണ് സകാത്. സകാത് നാണയ മായി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഒരുവർഷം തികയുമ്പോൾ സ്വർണ്ണത്തിൻെറവില അന്വേഷിക്കണം. 2.5% സകാത് നൽകണം.*

## നാണയങ്ങൾ

*നാണയങ്ങൾക്കും സകാത് നിർബന്ധമാണ്. നിസ്വാബ് എത്തി ഒരു വർഷം തികഞ്ഞാൽ സകാത് നൽകണം. 70ഗ്രാം സ്വർണ്ണത്തിൻെറ വിലക്ക് തുല്യമായസംഖ്യ കൈവശമുള്ളവർ -സ്വർണമാണ് അടിസ് ഥാനമെങ്കിൽ- ഓരോവർഷവും 2.5% നൽകൽ നിർബന്ധമാണ്. വെള്ളിയാണ് അടിസ്ഥാനമെങ്കിൽ 460ഗ്രാം വെള്ളിയുടെ വിലക്ക് തുല്യമായ സംഖ്യയാണ് നിസ്വാബ്. ഉദാ:- ഒരാളുടെപക്കൽ 25,000രൂ പയുണ്ട്. ഒരുവർഷം പൂർത്തിയായി. വെള്ളിയുടെ/ സ്വർണ്ണത്തിൻെറ മാർക്കറ്റ് അന്വേഷിച്ചു. 70 ഗ്രാം സ്വർണ്ണത്തിന്/460ഗ്രാംവെള്ളിക്ക് 30,000 രൂപയാണെന്നറിഞ്ഞു. അയാൾക്ക് സകാത് നിർബന്ധമില്ല. കാരണം അയാളുടെ കൈവശമുള്ള സംഖ്യ നിസ്വാബ് എത്തിയി ട്ടില്ല.*

## ഓഹരികൾ

*ഇന്ന് മനുഷ്യർ എസ്റ്റേറ്റുകൾ (റിയൽ എസ്റ്റേറ്റ്) വ്യവസായങ്ങൾ എന്നിവയുടെ ഓഹരി (ഷെയർ) വിപണിയിൽ പണം നിക്ഷേപിക്കുന്ന വരാണ്. പലരും വൻസംഖ്യകൾ ദീർഘകാലത്തേക്ക് നിക്ഷേപിക്കു ന്നു.*

*പലപ്പോഴും അവയുടെ വില കൂടുകയും കുറയുകയും ചെയ്തു കൊണ്ടിരിക്കും. ഈ ഓഹരികൾക്ക് സകാത് ഉണ്ട്. കാരണം അവ വ്യാപാരത്തിലെ ക്രയവിക്രയ വസ്തുക്കളാണ്. ഓരോ വർഷവും ഓ ഹരിയുടെ വിലകണക്കാക്കി മുസ്‌ലിം സകാത് നൽകണം. അല്ലെങ്കിൽ ഓഹരി വിൽക്കുമ്പോൾ മുഴുവൻ വർഷത്തേയും സകാത് നൽ കണം.*

## കച്ചവടത്തിന്റെ സകാത്

*കച്ചവടം ചെയ്യാനും അതിലൂടെ സമ്പാദിക്കുവാനും അല്ലാഹു മുസ് ലിംകൾക്ക് അനുവാദം നൽകിയിരിക്കുന്നു. ധനത്തിന്റെ ഉടമയും, അത് വ്യാപാരത്തിൽ ഇറക്കുകയും ചെയ്ത മുസ്‌ലിമിന് വാർഷിക സകാത് നിർബന്ധമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തിനുള്ള കൃതജ്ഞതയും തന്റെ സമസൃഷ്ടികളോടുള്ള ബാദ്ധ്യതയും നിറ വേറ്റാൻ വേണ്ടി. ലാഭം ഉദ്ദേശിച്ചു കൊണ്ട് കൊള്ളക്കൊടുക്കകൾ നടത്തപ്പെടുന്ന ഭൂമി, ജീവികൾ, ഭക്ഷണപാനീയങ്ങൾ, വാഹനങ്ങൾ പോലെയുള്ള എല്ലാം കച്ചവടത്തിൽ ഉൾപ്പെടും. കച്ചവടത്തിന്റെ സ കാതിനും നിസ്വാബ് എത്തൽ നിർബന്ധനയാണ്. അത് സ്വർണ്ണ ത്തിന്റെയോ, വെള്ളിയുടെയോ വിലയോട് തുലനം ചെയ്തു മൊ ത്തവിലയുടെ 2.5% നൽകണം. ഉദാ: ഒരുകച്ചവടക്കാരന് ഒരുലക്ഷം രൂപയുടെ ചരക്കുകളുണ്ട്. അയാൾ 2,500 രൂപ സകാത് നൽകണം. വ്യാപാര സ്ഥാപന ഉടമകൾ ഓരോ വർഷവും തങ്ങളുടെ മുഴുവൻ വ്യാപാര വസ്തുക്കളുടെയും കണക്കെ(സ്റ്റോക്കെ) ടുപ്പു നടത്തണം. അവയുടെ മൊത്തം (വിലകണക്കാക്കി) സകാത് നൽകണം.*

*ഒരുകച്ച്വ ടക്കാരൻ തന്റെ കച്ചവടത്തിന് ഒരു വർഷം തികയുന്നതിനു 10 ദിവസം മുമ്പ് ഒരുചരക്കു വാങ്ങിയാലും, മറ്റു വസ്തുക്കളുടെ കൂടെ ആ പുതിയ വസ്തുവിന്റെ സകാതും നൽകണം. കച്ചവടം തുട ങ്ങുന്ന ദിവസം മുതലാണ് വർഷം ആരംഭിക്കുന്നത്. സകാത് വാർ ഷികവുമാണ്. ഓരോ വർഷവും തന്റെ പക്കലുള്ളതിന്റെ സകാ ത് മുസ്‌ലിം നൽകണം.*

*കച്ചവട ആവശ്യത്തിനായി തീറ്റകൊടുത്ത് വളർത്തപ്പെടുന്ന മൃഗങ്ങ ൾക്ക്-കാലികളുടെ നിസ്വാബിന്റെ എണ്ണം എത്തിയാലും ഇല്ലെങ്കി ലും-സകാത് നിർബന്ധമാണ്. നാണയക്കണക്കിൽ അവയുടെ നി സ്വാബ് തികഞ്ഞിട്ടുണ്ടെങ്കിൽ സകാത് നാണയമായി നൽകണം.*

## ഉൽപന്നങ്ങളുടെ സകാത്

*അളന്നെടുക്കപ്പെടുകയും, സൂക്ഷിക്കപ്പെടുകയും ചെയ്യുന്ന ധാന്യങ്ങ ൾ, ഫലങ്ങൾ എന്നിവക്ക് സകാത് നിർബന്ധമാണ്. ഉദാ: ഈത്ത പ്പഴം, ഉണക്കമുന്തിരി, ഗോതമ്പ്, ബാർലി, നെല്ല് മുതലായവ. പഴങ്ങ ൾ, പച്ചക്കറികൾ എന്നിവക്ക് സകാത് നിർബന്ധമില്ല. ഉൽപന്നങ്ങ ളുടെ നിസ്വാബ് 675 കി.ഗ്രാം ആകുന്നു. ബാർലിയുടെ നിസ്വാബ് 552 കി.ഗ്രാം ആകുന്നു. ഇവയുടെ സകാതിന് വർഷം തികയുക എന്ന നിബന്ധനയില്ല. കാർഷിക ചെലവുകൾ ഇല്ലാതെ മഴ, പുഴ എന്നി വയിൽ നിന്നും നനക്കപ്പെട്ടവയാണെങ്കിൽ പത്തിലൊന്ന്* (10%) *സകാ ത് നൽകണം. കാർഷിക ചെലവുകൾ വന്നു, നനച്ചുണ്ടാക്കിയവക്ക് ഇരുപതിലൊന്ന്* (5%) *സകാത് ഉണ്ട്. ഉദാ: ഒരാൾ നെൽകൃഷി ചെയ്തു. വരുമാനം 800 കി.ഗ്രാം. അയാ ൾക്ക് സകാത് നിർബന്ധമാണ്. കാരണം*

*നിസ്വാബ് (675കി.ഗ്രാം) തികഞ്ഞിട്ടുണ്ട്. ജലസേചനനത്തിനു ചെലവു വന്നിട്ടില്ലെങ്കിൽ അയാ ൾ പത്തിലൊന്ന് (80ി.ഗ്രാം) സകാത് നൽകണം. കൃഷി നനക്കുവാൻ ചെലവു വന്നിട്ടുണ്ടെങ്കിൽ ഇരുപതിലൊന്ന് (40കി.ഗ്രാം) നൽകണം.*

## കന്നുകാലികൾ

*ഒട്ടകം, മാട്, ചെമ്മരിയാട്, കോലാട്, എന്നിവയാണ് ഇതുകൊണ്ടു ദ്ദേശ്യം. ഇവക്ക് സകാത് നിർബന്ധമാകാൻ നാലു നിബന്ധനക ളുണ്ട്.*

1-***നിസ്വാബ്.*** *ഒട്ടകം-5. ചെമ്മരിയാട്/ കോലാട്-40. മാട്-30. ഇതി ൽ കുറഞ്ഞവക്ക് സകാതില്ല.*

2-***ഉടമസ്ഥൻെറ പക്കൽ ഒരുവർഷം തികയൽ.***

3-***വർഷത്തിൽ അധികകാലവും മേഞ്ഞു നടക്കുന്നവയാ യിരിക്കണം.*** *തീറ്റവസ്തുക്കൾ വാങ്ങി, സൂക്ഷിച്ചുവച്ച് തീറ്റകൊടുക്കപ്പെടുന്നവ യാണെങ്കിൽ സകാത് നിർബന്ധമില്ല. വർഷത്തിൽ ഭൂരിഭാഗം കാ ലവും മേഞ്ഞു നടക്കുന്നവയായാലല്ലെങ്കിൽ.*

4-***കൃഷി, ഭാരംവഹിക്കൽ എന്നീ ജോലിക്ക് ഉപയോഗി ക്കാത്തവ ആയിരിക്കണം.***

## ഒട്ടകത്തിന്റെ സകാത്

| | | |
|---|---|---|
| 5 മുതൽ | 9 വരെ | ഒരു ആട് |
| 10മുതൽ | 14വരെ | രണ്ട് ആട് |
| 15മുതൽ | 19വരെ | മൂന്ന് ആട് |
| 20മുതൽ | 24വരെ | നാല് ആട് |
| 25മുതൽ | 35വരെ | ഒരുവയസ്സായ ഒട്ടകം-1/ രണ്ടു |

| | | |
|---|---|---|
| | | വയസ്സായ ഒട്ടകം - 1 |
| 36മുതൽ | 45വരെ | രണ്ടുവയസ്സായ ഒട്ടകം - 1 |
| 46മുതൽ | 60വരെ | മൂന്നുവയസ്സായ ഒട്ടകം - 1 |
| 61മുതൽ | 75വരെ | നാലുവയസ്സായ ഒട്ടകം - 1 |
| 76മുതൽ | 90വരെ | രണ്ടുവയസ്സായ ഒട്ടകം- 2 |
| 91മുതൽ | 120വരെ | മൂന്നുവയസ്സായ ഒട്ടകം - 2 |

*ഇതിൽകൂടുതൽ ഉള്ളവക്ക് ഓരോ നാൽപതിനും രണ്ടുവയസ്സ് തിക ഞ്ഞ ഒട്ടകം - 1*
*ഓരോ 50നും മൂന്നുവയസ്സു തികഞ്ഞ ഒട്ടകം - 1 എന്നതോതിലും സ കാത് നൽകുക.*

## പശു

| | | |
|---|---|---|
| 30മുതൽ | 39വരെ | ഒരുവയസ്സുതികഞ്ഞ കാളക്കുട്ടി-1 |
| 40മുതൽ | 59വരെ | 2 വയസ്സുതികഞ്ഞ പശുക്കുട്ടി-1 |
| 60മുതൽ | 69വരെ | ഒരുവയസ്സുതികഞ്ഞ കാളക്കുട്ടി-2 |
| 70മുതൽ | 79വരെ | 2 വയസ്സായ ഒരുപശുക്കുട്ടിയും 1 വയസ്സായ ഒരുകാളക്കുട്ടിയും |

*അതിൽകൂടുതലുള്ള ഓരോ 30നും ഒരുവയസ്സു തികഞ്ഞ കാളക്കുട്ടി യും, ഓരോ നാൽപതിനും രണ്ടു വയസ്സു തികഞ്ഞ പശുക്കുട്ടിയും കൊടുക്കണം.*

## ആട്

| | | |
|---|---|---|
| *40 മുതൽ* | *120 വരെ* | *ആട് -1* |
| *121 മുതൽ* | *200 വരെ* | *ആട് -2* |
| *201 മുതൽ* | *300 വരെ* | *ആട് -3* |
| *301 മുതൽ* | *400 വരെ* | *ആട് -4* |
| *401 മുതൽ* | *500 വരെ* | *ആട് -5* |

***കൂടുതലുള്ള ഓരോ നൂറിനും ഒരുആട്വീതം.***

## സകാതിന്റെ അവകാശികൾ

***അല്ലാഹു പറയുന്നു:***

﴿ إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَساَكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللَّهِ وَابْنِ السَّبِيلِ فَرِيضَةً مِّنَ اللَّهِ وَاللَّهُ عَليمٌ حَكِيمٌ ﴾ (التوبة:٦٠)

***ദാനധർമ്മങ്ങൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും, അഗതികൾ ക്കും, അതിൻെറ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും, (ഇസ് ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചനത്തിൻെറ) കാര്യത്തിലും, കടംകൊണ്ട് വിഷമിക്കുന്നവ ർക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിലും, വഴിപോക്കനും മാത്ര മാണ്. അല്ലാഹുവിൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അ ല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്.*** *(വി-ഖു- 9: 60)*

***സകാതിന് അർഹരായി എട്ടുവിഭാഗം ആൾക്കാരെ അല്ലാഹു വിശദ മാക്കിയിരിക്കുന്നു. ഇസ്ലാമിലെ സകാത്***

*സമൂഹത്തിനും, ആവശ്യ ക്കാർക്കും ഉള്ളതാണ്. മറ്റു മതങ്ങളിലെപ്പോലെ മത പുരോഹിതർ ക്കുള്ളതല്ല.*

*1-ദരിദ്രൻ: ജീവിതാവശ്യത്തിൻെറ പകുതിയിൽ താഴെ വരുമാനമുള്ള വർ.*

*2-അഗതി: ജിവിതാവശ്യത്തിൻെറ പകുതിയിൽകൂടുതൽ ലഭിക്കുന്നു. പക്ഷെ അത് തികയാത്തവർക്ക് ആവശ്യത്തിനുള്ളത് കുറച്ചു മാസ ത്തേക്കോ, ഒരുവർഷം മുഴുവനായോ സകാതിൽ നിന്ന് നൽകാം.*

*3-ഉദ്യോഗസ്ഥർ: സകാത് ശേഖരിക്കാൻ ഉത്തരവാദപ്പെട്ടവരാൽ ചു മതലയേൽപിക്കപ്പെട്ടവർ. അയാളുടെ ജോലിക്കും പദവിക്കും അ നുസൃതമായ കൂലികൊടുക്കണം. ധനികനാണെങ്കിലും ശരി.*

*4-മനസ്സുകൾ ഇണക്കപ്പെട്ടവൻ: സമൂഹത്തിൽ സ്വാധീനമുള്ളവരും, ഇസ്ലാമിലേക്ക് വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നവരോ, സകാത് മു ഖേന, അയാൾ മൂലുള്ള ദുരിതം മുസ്ലിംകൾക്ക് കുറയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നതോ ആയ നേതാക്കൾ. നവമുസ്ലിംകൾ, അ വർക്ക് വിശ്വാസ ദാർഢ്യവും മാനസിക സ്ഥൈര്യവും ലഭിക്കാൻ സകാത് നൽകാം.*

*5-അടിമമോചനം: അടിമകളെയും, ശത്രുക്കളുടെ കയ്യിലകപ്പെട്ട തടവുകാരെയും മോചിപ്പിക്കാൻ സകാത് ചെലവഴിക്കാം.*

*6-കടംഉള്ളവർ: കടബാദ്ധ്യതയുള്ളവന് കടംവീട്ടാൻ ആവശ്യമായത് കൊടുക്കണം. ഇതിൻെറ നിബന്ധനകൾ :-*

*1-മുസ്ലിമായിരിക്കണം.*

*2-കടംവീട്ടാൻ കഴിവുള്ള ധനികനായിരിക്കരുത്.*

*3-കടം അനാവശ്യ വഴിയിൽ വന്നതാകരുത്.*

*4-കടം അവധിയായതായിരിക്കണം.*

*7-അല്ലാഹുവിൻെറ മാർഗ്ഗം: ശമ്പളം പറ്റാതെ ദൈവമാർഗ്ഗത്തിൽ ജി ഹാദ് ചെയ്യുന്നവർ. അവർക്കോ, അല്ലെങ്കിൽ ആയുധങ്ങൾ വാ ങ്ങിക്കൊടുക്കാനോ സകാത് ഉപയോഗിക്കാം. മതപഠനവും ഈ ഗണത്തിൽപെടും. ഒരാൾ മതപഠനം ഉദ്ദേശിക്കുന്നു. സാമ്പത്തിക ശേഷിയില്ല. അയാളുടെ മതപഠനത്തിനു മാത്രം ആവശ്യമായത് സകാതിൽ നിന്നു നൽകാം.*

*8-വഴിപോക്കൻ: വഴിയിൽവച്ച് സമ്പത്ത് നഷ്ടപ്പെട്ട യാത്രക്കാരൻ. നാട്ടിലെത്താൻ യാതൊന്നും കയ്യിലില്ല. അയാൾ നാട്ടിൽ ധനിക നാണെങ്കിലും, അയാൾക്ക് നാട്ടിലെത്താൻ ആവശ്യമായത് സകാ തിൽ നിന്ന് നൽകാം.*

*പള്ളി, വഴി, എന്നിവയുടെ നിർമ്മാണത്തിന് സകാത് ഉപയോഗിക്കാ ൻ പാടില്ല.*

## കുറിപ്പുകൾ

*1-സമുദ്രത്തിൽ നിന്നും ലഭിക്കുന്ന മുത്ത്, പവിഴം, മത്സ്യം എന്നിവക്ക് സകാത് നിർബന്ധമില്ല. അവ വ്യാപാര വസ്തുക്കളാകുമ്പോൾ കച്ചവടത്തിൻെറ സകാത് നൽകണം.*

*2-വാടകക്കെട്ടിടങ്ങൾ, ഫാക്ടറികൾ എന്നിവക്ക് സകാതില്ല. എന്നാ ൽ അവയുടെ വാടക സംഖ്യക്ക് ഒരുവർഷം തികയുമ്പോൾ (നാ ണയത്തിൻെറ) സകാത് നൽകണം.*

*ഉദാ:- ഒരാൾ ഒരുകെട്ടിടം വാടകക്കു കൊടുക്കുന്നു. ഈ വാടക സം ഖ്യയോ അതിൻെറ ഒരു അംശമോ വർഷം തികയുകയും, നാണ യത്തിൻെറ സകാത്തിൻെറ നിസ്വാബ് എത്തുകയും ചെയ്താൽ ആ സംഖ്യക്കു സകാത് നിർബനന്ധമാകുന്നു.*

# أحكام النكاح
# വൈവാഹിക നിയമങ്ങൾ

## വിവാഹം; നിബന്ധനകൾ

*1-ഇണകൾ തമ്മിലുള്ള സംതൃപ്തി:- സ്ത്രീയെ ഇഷ്ടപ്പെടാത്ത പുരുഷനെയോ, പുരുഷനെ ഇഷ്ടപ്പെടാത്ത സ്ത്രീയേയോ വിവാഹത്തിന് നിർബന്ധിക്കുന്നത് ശരിയല്ല. സ്ത്രീയെ അവളുടെ സമ്മതം കൂടാതെ വിവാഹം ചെയ്തു കൊടുക്കുന്നത് ഇസ്ലാം വിരോധിച്ചിരിക്കുന്നു. ഒരു പുരുഷനുമായുള്ള വിവാഹത്തിന് സ്ത്രീ വിസമ്മതിച്ചാൽ, ഒരാൾക്കും - അവളുടെ പിതാവിന് പോലും-അവളെ നിർബന്ധിക്കാൻ പാടില്ല.*

*2-രക്ഷിതാവ്:- സ്ത്രീയുടെ രക്ഷിതാവില്ലാതെ വിവാഹം സാധു വാകുകയില്ല. നബി ﷺ പറഞ്ഞു:*

(لآ نكاح إلاّ بوليّ)

*രക്ഷിതാവ് (വലിയ്യ്) ഇല്ലാതെ വിവാഹമില്ല.*

*ഒരുവൾ സ്വയം വിവാഹം ചെയ്താൽ അത് അസാധുവാണ്. അവൾ സ്വയം വിവാഹ ഉടമ്പടിയിൽ ഏർപ്പെട്ടാലും, മറ്റൊരാളുടെ വകാലത് ഏറ്റെടുത്താലും ശരി. അമുസ്ലിമിന് ഒരു മുസ്ലിം സ്ത്രീയുടെ രക്ഷാകർതൃത്വം ഉണ്ടാകില്ല. രക്ഷിതാവില്ലാത്തവരെ വിവാഹം ചെയ്തു കൊടുക്കേണ്ടത് ഭരണാധികാരി ആകുന്ന.*

*സ്ത്രീയുടെ ബന്ധത്തിൽപെട്ട, സ്ഥിരബുദ്ധിയും, തന്റേടവുമുള്ള താഴെ പറയുന്നവരായിരിക്കും രക്ഷിതാക്കൾ.*

*പിതാവ്, അദ്ദേഹം വസ്വിയ്യത്ത് ചെയ്തവർ, പിതാവ് വഴിക്കുള്ള പി താമഹൻ-എത്ര മേലെയുള്ളതായാലും- അതിൽ ഏറ്റവും അടുത്ത വർ, അവളുടെ മകൻ, മകന്റെ മക്കൾ-എത്ര താഴോട്ടും, സഹോദ രൻ, പിതാവൊത്ത സഹോദരൻ, സഹോദര പുത്രന്മാർ, പിതാവൊ ത്ത സഹോദരന്റെ പുത്രന്മാർ, അതിൽ ഏറ്റവും അടുത്തവർ, പിതൃവ്യൻ, പിതാവൊത്ത പിതൃവ്യൻ, അവരുടെ മക്കൾ, അതിൽ ഏ റ്റവും അടുത്തവർ, പിതാവിന്റെ പിതൃവ്യൻ, അദ്ദേഹത്തിന്റെ മക്ക ൾ, എന്നിവരാണ് യഥാക്രമം രക്ഷിതാക്കളാകുക.*

*സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കുന്നതിന്ന്മുമ്പ് രക്ഷിതാവ് അവളുടെ സമ്മതം വാങ്ങിയിരിക്കണം. ഒരു രക്ഷിതാവിന്റെ സാന്നി ദ്ധ്യം ആവശ്യപ്പെടുന്നതിലുള്ള തത്വം, വ്യഭിചാരത്തിന്റെ മാർഗ്ഗങ്ങൾ അടക്കുക എന്നതാണ്. ഒരു വ്യഭിചാരിക്ക് ഒരു സ്ത്രീയോട് "നീ നി ന്നെ എനിക്ക് വിവാഹം ചെയ്തു തരൂ" എന്നു പറയാൻ വിഷമമു ണ്ടാകില്ല. അതിന്നു പറ്റിയ രണ്ടു സാക്ഷികളെയും ഉണ്ടാക്കാൻ കഴി യുമല്ലോ.*

***3-<u>സാക്ഷികൾ:</u>*** *വിവാഹ ഉടമ്പടി നടക്കുമ്പോൾ രണ്ടോ, അതില ധികമോ മുസ്ലിംകളും, നീതിമാന്മാരുമായ പുരുഷ സാക്ഷികൾ ഉ ണ്ടായിരിക്കണം. രണ്ടോ, അതിൽ കൂടുതലോ പേർ നിർബന്ധമാ യും ഉണ്ടായിരിക്കണം. മദ്യപാനം, വ്യഭിചാരം പോലെയുള്ള കുറ്റ കൃത്യങ്ങൾ ചെയ്യാത്ത വിശ്വസ്തരായിരിക്കണം അവർ.*

*ഉടമ്പടിയുടെ വാക്കുകൾ: രക്ഷിതാവ്: എന്റെ മകൾ/ രക്ഷാകർതൃ ത്വത്തിലുള്ള ഇന്ന സ്ത്രീയെ നിനക്ക്*

*ഞാന്‍ വിവാഹം ചെയ്തു തന്നു. വരന്‍/വകാലത്ഏറ്റയാള്‍: താങ്കളില്‍ നിന്നും അവളുടെ വിവാഹം ഞാന്‍ സ്വികരിച്ചിരിക്കുന്നു. അത്യാവശ്യ ഘട്ടങ്ങളില്‍ ഉ ടമ്പടിയില്‍ വരന് താന്‍ ഇഷ്ടപ്പെടുന്ന ഒരാളെ വകാലത് ഏ ല്‍പിക്കാവുന്നതാണ്.*

4-*മഹ്ര്‍ നിര്‍ബന്ധമാകുന്നു. മഹ്ര്‍ കുറയുന്നതാണ് നല്ലത്. കുറഞ്ഞതും, ലളിതമായതുമാണ് ഏറ്റവും ഉത്തമം. മഹ്റിന്ന് സ്വദാ ഖ് എന്ന മറ്റൊരു പേരുണ്ട്. ഉടമ്പടി സമയത്ത് മഹ്ര്‍ പരസ്യപ്പെടു ത്തലും, ഉടമ്പടിയോടൊപ്പം അത്വേഗത്തില്‍ കൊടുക്കലും സുന്ന ത്താകുന്നു. മഹ്ര്‍ മുഴുവനായോ, ഭാഗികമായോ നിശ്ചിത അവ ധിയിലേക്ക് പിന്തിക്കലും അനുവദനീയമാണ്.*

*ലൈംഗികവേഴ്ചക്കു മുമ്പായി ഒരാള്‍ സ്ത്രീയെ വിവാഹമോച നം ചെയ്താല്‍, മഹ്റിന്‍െറ പകുതി അവള്‍ക്കെടുക്കാം. വിവാ ഹ ഉടമ്പടിക്കു ശേഷം, ലൈംഗിക ബന്ധത്തിന്ന് മുമ്പ് ഭര്‍ത്താവ് മരിച്ചാല്‍, മഹ്ര്‍ പൂര്‍ണ്ണമായി അവള്‍ക്കുള്ളതാണ്. അവള്‍ക്ക് അ വന്‍െറ സ്വത്തിന്‍െറ അനന്തരാവകാശവും ലഭിക്കും.*

## വിവാഹാനന്തരം

1-*ചെലവുകള്‍: ഭാര്യയുടെ ഭക്ഷണം, വസ്ത്രം, താമസം തുടങ്ങി യവക്ക് മര്യാദ പ്രകാരമുള്ള മുഴുവന്‍ ചെലവും ഭര്‍ത്താവാണ് വ ഹിക്കേണ്ടത്. ഇതില്‍ വല്ല പിശുക്കും കാണിച്ചാല്‍, അവന്‍ കുറ്റ ക്കാരനായിരിക്കും. അപ്പോള്‍ അയാളുടെ സ്വത്തില്‍ നിന്നും, അവ ളുടെ ചെലവിന്ന് മതിയാകുന്നത് അവള്‍ക്ക് എടുക്കാവുന്നതാണ്. ഇല്ലെങ്കില്‍ അയാള്‍ നിര്‍ബന്ധമായി വീട്ടേണ്ട ഒരു കടമായി അത് അവശേഷിക്കുന്നതാണ്. ചെലവിന്‍െറ*

*ഇനത്തിൽ വലീമത്തും ഉൾ  പ്പെടും. കല്യാണ ശേഷം ജനങ്ങളെ ക്ഷണിച്ച് നടത്തപ്പെടുന്ന സദ്യ  ക്കാണ് വലീമ: എന്ന് പറയുന്നത്. അത് നബി ﷺ യുടെ ചര്യയിൽ പെട്ടതാകുന്നു. നബി ﷺ വലീമത് നടത്തുകയും, അങ്ങനെ ചെയ്യാ  ൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്.*

***2-അനന്തരാവകാശം:*** *ഒരുപുരുഷനും സ്ത്രീയും തമ്മിൽ നിയമ പ്രകാരമുള്ള വിവാഹം നടന്നു കഴിഞ്ഞാൽ, അവർ പരസ്പരം അനന്തരാവകാശികളായി. അല്ലാഹുപറയുന്നു:*

﴿ وَلَكُمْ نِصْفُ مَا تَرَكَ أَزْوَاجُكُمْ إِنْ لَمْ يَكُنْ لَهُنَّ وَلَدٌ فَلَكُمُ الرُّبُعُ مِمّا تَرَكْنَ مِنْ بَعْدِ وَصِيَّةٍ يُوصِينَ بِهَا أَوْ دَيْنٍ وَلَهُنَّ الرُّبُعُ مِمَّا تَرَكْتُمْ إِنْ لَمْ يَكُنْ لَكُمْ وَلَدٌ فَإِنْ كَانَ لَكُمْ وَلَدٌ فَلَهُنَّ الثُّمُنُ مِمَّا تَرَكْتُمْ مِنْ بَعْدِ وَصِيَّةٍ تُوصُونَ بِهَا أَوْ دَيْنٍ...﴾ (النساء:١٢)

*നിങ്ങളുടെ ഭാര്യമാർക്ക് സന്താനങ്ങളില്ലാത്തപക്ഷം, അവർ വിട്ടേച്ചുപോയ ധനത്തിൻെറ പകുതി നിങ്ങൾക്കാകുന്നു. ഇ  നി അവർക്ക് സന്താനമുണ്ടായിരുന്നാൽ അവർ വിട്ടേച്ചു  പോയതിൻെറ നാലിലൊന്ന് നിങ്ങൾക്കായിരിക്കും. അവർ ചെയ്യു  ന്ന വസ്വിയ്യത്തും, കടമുണ്ടെങ്കിൽ അതും കഴിച്ച് ആണിത്. നി  ങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടേച്ചു പോയ ധന  ത്തിൽ നിന്ന് നാലിലൊന്നാണ് അവർക്ക് (ഭാര്യമാർക്ക്) ഉള്ള  ത്. ഇനി നിങ്ങൾക്ക് സന്താനമുണ്ടായിരുന്നാൽ നിങ്ങൾ വി*

*ട്ടേച്ചു പോയതിൽ നിന്ന് എട്ടിലൊന്നാണ് അവർക്കുള്ളത്. നി ങ്ങൾ ചെയ്യുന്ന വസ്വിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാ ണിത്. [വി.ഖു.4:12]*

*ലൈംഗിക വേഴ്ച നടന്നവരെന്നോ, അല്ലാത്തവരെന്നോ അതിൽ വ്യത്യാസമില്ല.*

*സ്ത്രീധനം: നബി ﷺ യുടെകാലത്ത് വിവാഹത്തിൽ ഇങ്ങനെയൊ രാചാരം ഇല്ലാത്തതു കൊണ്ട് ഇത് അനാചാരമാണ്. മുസ്‌ലിമിന് അ നുവദനീയമായ സമ്പാദ്യം ഏതെല്ലാമാണെന്ന് ഖുർആനും, സുന്ന ത്തും വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീധനം, പോക്കറ്റ്മണി, വരദക്ഷിണ എന്നീ പേരുകളിൽ വാങ്ങുന്ന ഈ സമ്പാദ്യം ഈ ഗണത്തിലൊന്നും ഉൾപ്പെടാത്തതായതു കൊണ്ട് അത് അനിസ്‌ലാമികമാണ്. മറ്റു മത സ്ഥരിൽ നിന്നും കടമെടുക്കപ്പെട്ട ഈ അനാചാരം വർജ്ജിക്കേണ്ട താണ്. ഇത്തരം അധികപ്പറ്റുകൾ സരളമായ ഇസ്‌ലാം മതത്തെ പ്ര യാസകരമാക്കുക കൂടി ചെയ്യും. [പരിഭാഷകൻ]*

***3-അന്യമതവിവാഹം:** മുസ്‌ലിം, അവിശ്വാസിനിയെ വിവാഹം ചെയ്യൽ നിഷിദ്ധമാകുന്നു. വേദക്കാരികളായ (ജൂത, കൃസ്തീയ) സ് ത്രീകൾ നിഷിദ്ധമല്ല. മുസ്‌ലിം സ്ത്രീക്ക് അമുസ്‌ലിമിനെ വിവാഹം ചെയ്യൽ നിഷിദ്ധമാണ്. ജൂതനോ, കൃസ്ത്യാനിയോ ആണെങ്കിലും പാടില്ല.*

## വിവാഹം; സുന്നത്തുകളും മര്യാദകളും

*1-വിവാഹം പരസ്യപ്പെടുത്തൽ സുന്നത്താകുന്നു. വിവാഹം കഴിഞ്ഞാൽ വരനോടോ, വധുവിനോടോ:*

بارك الله لك، وبارك عليك، وجمع بينكما في خير

*അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ, അവൻെറ അനുഗ്രഹം താ ങ്കളുടെ മേൽ വർഷിക്കുമാറാകട്ടെ, നിങ്ങളെ രണ്ടു പേരെയും ന ന്മയിൽ ഒരുമിച്ചു കൂട്ടട്ടെ. എന്നു പറഞ്ഞുകൊണ്ട് ആശിർവദിക്ക ണം.*

*2-ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ രണ്ടുപേരും:*

بسم الله، اللّٰهُمَّ جنّبنا الشيطان،وجنّب الشيطان ما رزقتنا

*അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവേ, ഞങ്ങളെ പിശാചിൽ നിന്നും അകറ്റേണമേ, ഞങ്ങൾക്ക് നൽകുന്നതിൽ (സന്താനത്തിൽ) നിന്നും പിശാചിനെ അകറ്റേണമേ എന്ന് പ്രാർത്ഥിക്കൽ സുന്നത്താ കുന്നു.*

*3-കിടപ്പറ രഹസ്യങ്ങൾ രണ്ടാളും പുറത്ത് പറയരുത്.*

*4-ആർത്തവം, പ്രസവരക്തം എന്നീ അവസ്ഥകളിൽ, അതിൽ നിന്ന് ശുദ്ധിവന്ന്, കുളിച്ച ശേഷമല്ലാതെ, അവളുമായി സംയോഗത്തിൽ ഏർപ്പെടൽ ഹറാമാകുന്നു.*

*5-സ്ത്രീയുടെ പിൻദ്വാരത്തിലൂടെ ബന്ധപ്പെടൽ നിഷിദ്ധമാണ്. ഇസ് ലാം നിഷിദ്ധമാക്കിയ ഒരു മഹാപാപമാണിത്.*

*6-ലൈംഗിക ബന്ധത്തിൽ അവൾക്കുള്ള അവകാശം (സംതൃപ്തി) പൂർണ്ണമായി അനുവദിച്ചു കൊടുക്കണം. നിർബന്ധഘട്ടങ്ങ ളിലോ, ഗർഭധാരണം ഭയന്നോ അവളുടെ സമ്മതം കൂടാതെ *അ സ്ൽ ചെയ്യാൻ പാടില്ല.*

---

**ഇന്ദ്രിയം ഗർഭാശയത്തിൽ പ്രവേശിക്കാതെ പുറത്തു കളയലാണ് അസ്ൽ.*

## ഇണയുടെ ഗുണങ്ങൾ

*സുഖജീവിതവും, ഉത്തമ കുടുംബവും, നല്ലസമൂഹവും ഉണ്ടാകലാ ണ് വൈവാഹിക ജീവിതത്തിന്റെ ലക്ഷ്യം. വിവാഹം ചെയ്യപ്പെടുന്ന സ്ത്രീ ഈ ലക്ഷ്യങ്ങളെല്ലാം പൂർത്തീകരിക്കാൻ പറ്റിയവളായിരിക്ക ണം. അവൾ ആന്തരികവും, ബാഹ്യവുമായി സൗന്ദര്യമുള്ളവളായിരി ക്കണം. ബാഹ്യസൗന്ദര്യം അവളുടെ ശാരീരിക സൗന്ദര്യമാണ്. ആന്ത രിക സൗന്ദര്യം മതനിഷ്ഠയും, സൽസ്വഭാവവുമാണ്. ആന്തരികവും ബാഹ്യവുമായ സൗന്ദര്യങ്ങളോടു കൂടിയ ഒരു സ്ത്രീയെ വരിക്കാൻ കഴിഞ്ഞാൽ, അത് അല്ലാഹു നൽകുന്ന മഹത്തായ ഭാഗ്യവും, തൗഫീ ഖും തന്നെയാകുന്നു. സൽസ്വഭാവിയും ദൈവഭയവുമുള്ള പുരുഷ നെ വരിക്കാൻ തന്നെയാണ് സ്ത്രീയും കൊതിക്കേണ്ടത്.*

## വിവാഹം നിഷിദ്ധമാക്കപ്പെട്ട സ്ത്രീകൾ

*വിവാഹം ചെയ്യാൻ പാടില്ലാത്ത സ്ത്രീകൾ രണ്ടുവിഭാഗമാണ്. സ്ഥി രമായി നിഷിദ്ധമായവരും, ഒരു നിശ്ചിത അവധിവരെ നിഷിദ്ധമാ യവരും.*

*1-സ്ഥിരമായി നിഷിദ്ധമായവർ :- ഇവർ മൂന്ന് ഇനമാണ്.*

*1-കുടുംബ ബന്ധംകൊണ്ട് നിഷിദ്ധമാകുന്നവർ:- ഇവർ ഏഴു പേരാ കുന്നു.*

*അല്ലാഹുപറയുന്നു:-*

﴿حُرِّمَتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ
وَخَالاَتُكُمْ وَبَنَاتُ الأَخِ وَبَنَاتُ الأُخْتِ وَأُمَّهَاتُكُمُ اللَّتِي أَرْضَعْنَكُمْ

وَأَخَوَاتُكُمْ مِنَ الرَّضَاعَةِ وَأُمَّهَاتُ نِسَائِكُمْ وَرَبَائِبُكُمُ اللَّتِي فِي
حُجُورِكُمْ مِنْ نِسَائِكُمُ اللَّتِي دَخَلْتُمْ فَإِنْ لَمْ تَكُونُوا دَخَلْتُمْ بِهِنَّ فَلاَ
جُنَاحَ عَلَيْكُمْ وَحَلاَئِلُ أَبْنَائِكُمُ الَّذِينَ مِنْ أَصْلاَبِكُمْ وَأَنْ تَجْمَعُوا
بَيْنَ الأُخْتَيْنِ إِلاَّ مَا قَدْ سَلَفَ إِنَّ اللَّهَ كَانَ غَفُورًا رَّحِيمًا ﴾ (النساء:٢٣)

*നിങ്ങളുടെമാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസ ഹോദരിമാർ, മാതൃസഹോദരിമാർ, സഹോദരപുത്രിമാർ, സ ഹോദരി പുത്രിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മു ലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാ മാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നി ങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ലൈംഗിക വേ ഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങ ളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരും. (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കു ന്നു.) ഇനി നിങ്ങൾ അവരുമായി ലൈംഗിക വേഴ്ചയിലേർ പ്പെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങ ൾക്ക് കുറ്റമില്ല. നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രന്മാരു ടെ ഭാര്യമാരും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) രണ്ടു സഹോദരിമാരെ ഒന്നിച്ചു ഭാര്യാമാരാക്കുന്നതും (നിഷിദ്ധമാകു ന്നു.) മുമ്പു ചെയ്തു പോയതൊഴികെ. തീർച്ചയായും അല്ലാ ഹു ഏറെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു. [വി. ഖു. 4:23]*

a-*മാതാവ് എന്ന് പറഞ്ഞതിൽ പിതാവിൻെറ മാതാവും, മാതാവിൻെറ മാതാവും ഉൾപ്പെടും.*

b-*പെൺമക്കളിൽ ആൺമക്കളുടെ പുത്രിമാരും, പെൺമക്കളുടെ പു ത്രിമാരും ഉൾപ്പെടും. എത്ര താഴോട്ടു പോയാലും.*

c-*സഹോദരിമാരിൽ പിതാവൊത്ത സഹോദരിമാരും, മാതാവൊത്ത സഹോദരിമാരും ഉൾപ്പെടും.*

d-*പിതൃസഹോദരിമാരിൽ പിതാവിൻെറ പിതൃസഹോദരിമാരും, പി താമഹൻെറ പിതൃസഹോദരിമാരും, മാതാവിൻെറ പിതൃസഹോദ രിമാരും, മാതാവിൻെറ മാതാവിൻെറ (മാതൃമഹതി) മാതൃ സഹോദ രിമാരും ഉൾപ്പെടും.*

e-*മാതൃസഹോദരിമാരിൽ പിതാവിൻെറ മാതൃസഹോദരിമാരും, പി താമഹൻെറ മാതൃസഹോദരിമാരും, മാതാവിൻെറ മാതൃസഹോദ രിമാരും, മാതൃമഹതിയുടെ മാതൃസഹോദരിമാരും ഉൾപ്പെടും.*

f-*സഹോദര പുത്രിമാരിൽ മാതാവൊന്നായ സഹോദരൻെറ മകളും, പിതാവൊന്നായ സഹോദരൻെറ മകളും, അവരുടെ ആൺമക്ക ളുടെ പെൺമക്കളും, പെൺമക്കളുടെ പെൺമക്കളും -എത്ര താ ഴോട്ടും- ഉൾപ്പെടുന്നു.*

g-*സഹോദരീ പുത്രിമാരിൽ പിതാവൊന്നായ സഹോദരിയുടെ മക ളും, മാതാവൊന്നായ സഹോദരിയുടെ മകളും, അവരുടെ ആൺമ ക്കളുടെ പെൺമക്കളും, പെൺമക്കളുടെ പെൺമക്കളും- എത്ര താഴോട്ടും- ഉൾപ്പെടും.*

**2-മുലകുടി ബന്ധം കൊണ്ട് നിഷിദ്ധമാകുന്നവർ:-**
*ഇവർ കുടുംബ ബന്ധം കൊണ്ട് നിഷിദ്ധമാകുന്നവരെ പോലെ തന്നെ യാകുന്നു. നബി ﷺ പറഞ്ഞു:*

(يُحَرَم من الرضاع ما يحرم من النسب)

*രക്തബന്ധം കൊണ്ട് നിഷിദ്ധമാകുന്നതെല്ലാം മുലകുടി മൂലവും നിഷിദ്ധമാകും.*
*എന്നാൽ മുലകുടിബന്ധം നിലനിൽക്കാൻ ചില നിബന്ധനകൾ ഉണ്ട്.*

a-*അഞ്ചോ അതിലധികമോ പ്രാവശ്യം മുലകുടിച്ചിരിക്കണം. ഒരു കുട്ടി ഒരുസ്ത്രീയുടെ മുല നാലു പ്രാവശ്യം കുടിച്ചാൽ, ആ സ്ത്രീ കുട്ടിയുടെ (മുലകുടിയിലൂടെയുള്ള) മാതാവാകുകയില്ല.*

b-*അതും കുട്ടി മുലകുടി നിർത്തുന്ന പ്രായത്തിന് മുമ്പായിരിക്കണം. മുലകുടി നിറുത്തിയ ശേഷമോ, അല്ലെങ്കിൽ (അഞ്ചെണ്ണത്തിൽ) ചില ത് നിർത്തുന്നതിന്ന് മുമ്പും, ബാക്കി നിർത്തിയതിന്നു ശേഷവും ആ യാൽ, ആസ്ത്രീ കുട്ടിയുടെ മാതാവാകുകയില്ല.*

*മേൽപറഞ്ഞ നിബന്ധനകൾ പൂർത്തിയായാൽ കുഞ്ഞ്, മുല കൊടു ത്ത സ്ത്രീയുടെ കുട്ടിയും, അവളുടെ മക്കൾ ഈ കുട്ടിയുടെ സഹോ ദരങ്ങളും ആയിരിക്കും (അവർ ആകുട്ടിയുടെ മുമ്പ് ജനിച്ചവരായാ ലും, ശേഷം ജനിച്ചവരായാലും). മുലകൊടുത്ത സ്ത്രീയുടെ ഭർത്താ വിൻെറ മറ്റു ഭാര്യമാരിലുള്ള മക്കളും ഈ കുട്ടിക്ക് സഹോദരങ്ങളാ യിരിക്കും. മുലകുടിച്ച ഈ കുട്ടിയുടെ മക്കൾക്കൊഴികെ, മറ്റു ബന് ധുക്കൾക്കൊന്നും ഈ മുലകുടിബന്ധം ബാധകമല്ല.*

## 3-വിവാഹ ബന്ധം കൊണ്ട് നിഷിദ്ധമാക്കമെപ്പട്ടവർ:-

a-പിതാവിൻെറയും പിതാമഹൻെറയും ഭാര്യമാർ. ഒരാൾ ഒരു സ്ത്രീ യെ വിവാഹം ചെയ്താൽ -അയാൾ ആസ്ത്രീയുമായി ബന്ധപ്പെ ട്ടാലും ഇല്ലെങ്കിലും അയാളുടെ മക്കൾ, മകൻെറ മക്കൾ -എത്ര താഴോട്ടായാലും- എന്നിവർക്ക് ആസ്ത്രീയെ വിവാഹം ചെയ്യൽ) നിഷിദ്ധമാണ്.

b-മക്കളുടെഭാര്യമാർ. ഒരാൾ ഒരു സ്ത്രീയെ വിവാഹം ചെയ്താൽ, അയാൾ അവളുമായി ബന്ധപ്പെട്ടിട്ടില്ലെങ്കിലും -വിവാഹം നടന്ന തു കൊണ്ട് മാത്രം- അയാളുടെ പിതാവ്, പിതാമഹന്മാർ -മേലോട്ട് എത്രയായാലും- എന്നിവർക്ക് ആസ്ത്രീയെ വിവാഹം ചെയ്യൽ നി ഷിദ്ധമാണ്.

c-ഭാര്യയുടെ മാതാവും, മാതൃമഹതിമാരും. ഒരാൾ ഒരു സ്ത്രീയെ വി വാഹം ചെയ്താൽ - അയാൾ അവളുമായി ബന്ധപ്പെട്ടിട്ടില്ലെങ്കി ലും- അവളുടെ മാതാവും, അവളുടെ (പിതാവിൻെറയോ, മാതാവി ൻെറയോ) മാതാക്കളും അയാൾക്ക് വിവാഹം ചെയ്യൽ നിഷിദ്ധ മാണ്.

d-ഭാര്യയുടെ മക്കൾ. ഭാര്യയുടെ ആൺമക്കളുടെയും പെൺമക്കളു ടെയും മക്കൾ -എത്ര താഴോട്ടും. ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും, അവളുമായി ബന്ധപ്പെടുകയും ചെയ്താൽ, അവ ളുടെ പെൺമക്കളും, ആൺമക്കളുടെയും പെൺമക്കളുടെയും പെ ൺമക്കളും (അവർ ഇയാളുടെ മുമ്പുള്ള ഭർത്താവിൻെറ മക്കളാ ണെങ്കിലും, ശേഷമുള്ള ഭർത്താവിൻെറ മക്കളാണെങ്കിലും ശരി) അയാൾക്ക് നിഷിദ്ധമാണ്. ലൈംഗിക ബന്ധത്തിന് മുമ്പ് തന്നെ

*വിവാഹ ബന്ധം വേർപ്പെടുത്തിയാൽ നിഷിദ്ധമാകുകയില്ല.*

***2-നിശ്ചിത സമയപരിധിവരെ നിഷിദ്ധമായവർ:- ഇവർ വിവിധങ്ങളാണ്.***

a-*ഭാര്യയുടെ സഹോദരി, ഭാര്യയുടെ പിതൃസഹോദരി, മാതൃസഹോ ദരി:-*

*ഈ സ്ത്രീയുമായുള്ള വിവാഹബന്ധം, മരണം മൂലമോ, വിവാ ഹമോചനം നടത്തി ഇദ്ദ പൂർത്തിയാക്കിയോ പിരിയുന്നതുവരെ.*

b-*ഇദ്ദയിലുള്ള സ്ത്രീ: ഒരുസ്ത്രീ ഇദ്ദയിലായിരിക്കുമ്പോൾ അവളു ടെ ഇദ്ദ കഴിയുന്നതു വരെ മറ്റൊരാൾക്ക് അവളെ വിവാഹം ചെ യ്യുവാനോ, വിവാഹാന്വേഷണം നടത്തുവാനോ പാടില്ല.*

c-*ഹജ്ജിന്നോ, ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീ ഇഹ്റാമിൽ നിന്നും തഹല്ലുൽ ആകുന്നതു വരെ വിവാഹം ചെയ്യൽ നിഷിദ്ധമാ കുന്നു.*

## ത്വലാഖ് (വിവാഹമോചനം)

*വിവാഹമോചനം വെറുക്കപ്പെട്ട കാര്യമാകുന്നു. നബി ﷺ പറഞ്ഞു:*

(أبغض الحلال إلى الله الطلاق) أبوداود

*അല്ലാഹു അനുവദിച്ച കാര്യങ്ങളിൽ, അവന്ന് ഏറ്റവും ദേഷ്യമുള്ള കാര്യമാണ് വിവാഹമോചനം. (അബൂദാവൂദ്.) [ഈ ഹദീഥ് ദുർബല മാകുന്നു. വിവർത്തകൻ.]*

*സ്ത്രീക്ക് പുരുഷൻെറ കൂടെയോ, പുരുഷന്ന് സ്ത്രീയോടോ യോ ജിച്ച് പോകാൻ കഴിയാത്ത, ബുദ്ധിമുട്ട്*

*ഉണ്ടായാൽ ചിലപ്പോൾ വിവാഹമോചനം നിർബന്ധമായിത്തീരും. അത് അല്ലാഹു മനുഷ്യർ ക്ക് ചെയ്തു കൊടുത്ത ഒരു ഔദാര്യം മാത്രമാണ്. ഒരു പുരുഷൻ ത ൻെറ ഭാര്യയെ വെറുക്കുകയും, അവളോടൊപ്പം ക്ഷമിച്ചുപോകാൻ കഴിയാതെ വരികയും ചെയ്താൽ അയാൾക്ക് അവളെ വിവാഹ മോചനം നടത്താവുന്നതാണ്. താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധി ച്ചേതീരൂ.*

*1-ആർത്തവകാരിയായിരിക്കുമ്പോൾ വിവാഹമോചനം നടത്തരുത്. ചെയ്താൽ അവൻ അല്ലാഹുവിനെയും റസൂലിനെയും ധിക്കരി ച്ചവനും, നിഷിദ്ധകാര്യം ചെയ്തവനുമായിത്തീരും. അവൻ അവ ളെ തിരിച്ചെടുക്കൽ നിർബന്ധമാണ്. അവളുടെ ആർത്തവത്തിൽ നിന്നും ശുദ്ധിയായ ശേഷം, അവൻ (ഉദ്ദേശിക്കുന്നെങ്കിൽ) പിന്നീട് അവളെ വിവാഹമോചനം ചെയ്യാം. ഏറ്റവും നല്ലത് അവൾക്ക് ര ണ്ടാമതൊരു ആർത്തവം കൂടി ഉണ്ടാകുന്നതുവരെ കാത്തിരിക്കലാ ണ്. അതിൽ നിന്നും അവൾ ശുദ്ധമായാൽ അവന്ന് വേണമെങ്കിൽ കൂടെ താമസിപ്പിക്കാം. ഇല്ലെങ്കിൽ വിവാഹ മോചനം നടത്താം.*

*2-ലൈംഗിക ബന്ധത്തിലേർപ്പെട്ട ശുദ്ധികാലത്ത് വിവാഹമോചനം നടത്തരുത്. ഗർഭിണിയാണെന്ന് വ്യക്തമായാലൊഴികെ. ഒരാൾ ത ൻെറ ഭാര്യയെ വിവാഹമോചനം നടത്താൻ ആഗ്രഹിക്കുന്നു, അവ ളുടെ ആർത്തവ ശുദ്ധിക്കുശേഷം അയാൾ അവളുമായി ബന്ധ പ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ ഒരു ആർത്തവം കഴിഞ്ഞ് ശുദ്ധമായതിനു (കാലം ദീർഘിച്ചാലും) ശേഷമല്ലാതെ അവളെ വി വാഹമോചനം ചെയ്യാൻ പാടില്ല. അവൾ ഗർഭിണിയാണെന്ന് ബോധ്യപ്പെടുകയോ,*

*അല്ലെങ്കിൽ അവളുമായി ബന്ധപ്പെടുന്നതി ന്നു മുമ്പോ വിവാഹമോചനം നടത്തേണ്ടതാണ്. അവൾ ഗർഭിണി യാണെങ്കിൽ വിവാഹമോചനം നടത്തുന്നത് തെറ്റില്ല.*

## ത്വലാഖുമായി ബന്ധപ്പെട്ട കാര്യങ്ങൾ

*ത്വലാഖ്, ബന്ധം വേർപ്പെടുത്തലായതു കൊണ്ട് മറ്റുചില കാര്യങ്ങ ൾകൂടി ബാധകമാണ്.*

*1-ഭർത്താവ്, ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയോ, കൂടെ താമസിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഭാര്യ (വിവാഹ മോ ചനത്തിനു ശേഷം) "ഇദ്ദ" ആചരിക്കണം. അവളുടെ കൂടെ താമസി ക്കുകയോ, ഭാര്യാഭർതൃ ബന്ധം ഉണ്ടാകുകയോ ചെയ്യുതിന്ന് മു മ്പാണ് വിവാഹമോചനം നടന്നതെങ്കിൽ, അവൾ ഇദ്ദ ആചരിക്കേ ണ്ടതില്ല.*

*വിവാഹമോചന സമയത്ത് സ്ത്രീ തൻെറ ഭർത്താവിനാൽ ഗർഭി ണി ആയിട്ടുണ്ടോ, ഇല്ലയോ എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള കാല ത്തിനാണ് ഇദ്ദ (ദീക്ഷാകാലം) എന്ന് പറയുന്നത്.*

*ആർത്തവം ഉണ്ടാകുന്ന സ്ത്രീയാണെങ്കിൽ അവളുടെ ഇദ്ദ മൂന്ന് ആർത്തവകാലമാണ്. ആർത്ത വം ഉണ്ടാകാത്തവളോ, നിലച്ചു പോയവളോ ആണെങ്കിൽ മൂന്നു മാസമാകുന്നു. ഗർഭിണി പ്രസവി ക്കുന്നത് വരെയാണ് ഇദ്ദ. വിവാഹ മോചിതയെ തിരിച്ചെടുക്കാൻ അവസരം നൽകുക, ഗർഭിണിയാണോ എന്ന് ഉറപ്പ് വരുത്തുക എ ന്നിവയാണ് ഇദ്ദയിൽ അടങ്ങിയിട്ടുള്ള തത്വങ്ങൾ.*

*2-തിരിച്ചെടുക്കാവുന്ന ത്വലാഖ് രണ്ടു പ്രാവശ്യം: ഒരാൾ തൻെറ ഭാര്യ യെ വിവാഹമോചനം നടത്തിയശേഷം ഇദ്ദ: കാലത്ത് തിരിച്ചെടു ക്കുന്നു, അല്ലെങ്കിൽ*

*ഇദ്ദക്കുശേഷം പുനർവിവാഹം നടത്തുന്നു. ര ണ്ടാമതും ഇങ്ങനെ ആവർത്തിക്കുന്നു. മൂന്നാമത്തെ പ്രാവശ്യവും വിവാഹമോചനം നടത്തിയാൽ പിന്നീട് അയാൾക്ക് അവളെ വിവാ ഹം ചെയ്യാൻ പാടില്ല. മറ്റൊരു പുരുഷൻ അവളെ നിയമ പ്രകാരം വിവാഹം ചെയ്ത്, അവളുമായി ബന്ധപ്പെട്ട ശേഷം അവളെ വെറുക്കുകയും, വിവാഹമോചനം നടത്തുകയുമാണെങ്കിലല്ലാതെ.*
*മൂന്നുപ്രാവശ്യം വിവാഹമോചനം നടത്തിയ പുരുഷന് ആ സ്ത്രീ യെ നിഷിദ്ധമാക്കിയിട്ടുള്ളത്, ഭർത്താക്കന്മാരുടെ അക്രമത്തിൽ നി ന്നും സ്ത്രീയെ രക്ഷിക്കാനുള്ള, അല്ലാഹുവിൻെറ മഹത്തായ അനു ഗ്രഹമാകുന്നു.*

## ഖുൽഅ്

*താൻവെറുക്കുന്ന ഒരു ഭർത്താവിന്ന് നഷടപരിഹാരം നൽകിക്കൊ ണ്ട് ഒരുഭാര്യ വിവാഹ മോചനം നേടുന്നതിന്നാണ് "ഖുൽഅ്" എന്ന് പറയുന്നത്. എന്നാൽ ഭർത്താവിൻെറ ഭാഗത്തു നിന്നാണ് വെറുപ്പ് ഉ ണ്ടാകുന്നത്, അയാളാണ് മോചനം ഉദ്ദേശിക്കുന്നതെങ്കൽ, അവളിൽ നിന്ന് നഷ്ടപരിഹാരമായി യാതൊന്നും സ്വീകരിക്കാൻ പാടില്ല. അ യാൾ അവളുടെ കൂടെ ക്ഷമിച്ചു കഴിയണം, അല്ലെങ്കിൽ വിവാഹമോ ചനം (ത്വലാഖ്) ചെയ്യണം.*
*ഭർത്താവുമായി ഒരുനിലക്കും ക്ഷമിച്ചുപോകാൻ പറ്റാത്തവിധം വിഷ മിച്ചാലല്ലാതെ, ഒരു സ്ത്രീ ഖുൽഅ് ആവശ്യപ്പെടാൻ പാടില്ല. ഭാര്യ "ഖുൽഅ്" ആവശ്യപ്പെടാൻ വേണ്ടി ഭർത്താവ് കരുതിക്കൂട്ടി അവളെ ഉപദ്രവിക്കാനും പാടില്ല. ഭാര്യക്കു നൽകിയ മഹ്റിനെക്കാൾ കൂടു തൽ, നഷ്ടപരിഹാരം സ്വീകരിക്കാതിരിക്കലാണ് ഏറ്റവും ഉത്തമം.*

## വിവാഹത്തിലെ സ്വാതന്ത്ര്യം

*സാരമായ ചിലകാരണങ്ങളാൽ, തങ്ങളുടെ വിവാഹബന്ധം തുടര ണമോ, അവസാനിപ്പിക്കണമോ എന്ന് തീരുമാനിക്കാനുള്ള സ്വാത ന്ത്ര്യം രണ്ടു പേർക്കും ഉണ്ട്.*

*1-ഭർത്താവ്, ഭാര്യയിൽ -അല്ലെങ്കിൽ മറിച്ച്- രോഗം, ജന്മനായുള്ള വൈകല്യം എന്നിവ കാണുന്നു. വിവാഹ (അന്വേഷണ) സമയത്ത് ഇ തൊന്നും വ്യക്തമാക്കിയിരുന്നുമില്ല. ഇത്തരം സന്ദർഭങ്ങളിൽ ഈ ബന്ധം തുടർന്നു പോകുവാനും, അവസാനിപ്പിക്കുവാനും അവർ ക്ക് സ്വാതന്ത്ര്യമുണ്ട്.*

*ഉദാ:-ഭാര്യാ-ഭർത്താക്കളിൽ ഒരാൾക്ക് ഭ്രാന്താകുന്നു. അല്ലെങ്കിൽ വി വാഹ ബന്ധത്തോട് നീതി പുലർത്താൻ കഴിയാത്തവിധം രോഗി യാണ്. അപ്പോൾ മറ്റെയാൾക്ക് വിവാഹബന്ധം വേർപ്പെടുത്താം. ലൈംഗിക ബന്ധത്തിന്നു മുമ്പാണെങ്കിൽ സ്ത്രീ അവളുടെ മഹ്ർ തിരിച്ചു കൊടുക്കണം. ശേഷമാണെങ്കിൽ മടക്കിക്കൊടുക്കേണ്ടതി ല്ല. ന്യൂനത മുൻകൂട്ടി അറിയുമായിരുന്നെങ്കിൽ വഞ്ചിച്ചയാൾ, വഞ്ചിക്കപ്പെട്ടയാൾക്ക് നൽകണമെന്നും അഭിപ്രായമുണ്ട്.*

*2-നിശ്ചിത സമയത്തിനകം മഹ്റ് കൊടുക്കാൻ കഴിയാതെ വന്നാൽ, ലൈംഗികബന്ധം നടക്കുന്നതിന്നുമുമ്പ് ഭാര്യക്ക് ഫസ് ഖ് ചെയ്യാൻ അവകാശമുണ്ട്. ശേഷമാണെങ്കിൽ അവകാശമില്ല.*

*3-ചെലവിന് കൊടുക്കാൻ സാധിക്കുന്നില്ല. ഭർത്താവിൽ നിന്ന് ചെല വിന്ന് ലഭിക്കാത്ത ഭാര്യക്ക്, അവൾക്ക് സാധ്യമാകുന്നത്ര കാത്തിരി ക്കാം. പിന്നീട് ഖാദ്വി മുഖേന അവൾക്ക് ഫസ്ഖ്-മോചനം- നട ത്താൻ അവകാശമുണ്ട്.*

*4-ഭർത്താവ് അപ്രത്യക്ഷനാകുന്നു. അയാളെ കുറിച്ച് യാതൊരു വിവ രവുമില്ല. ഭാര്യക്ക് ചെലവിന്ന് യതൊന്നും വിട്ടേച്ചു പോയിട്ടില്ല. വ ല്ലതും കൊടുക്കാൻ ആരോടെങ്കിലും വസ്വിയ്യത്ത് ചെയ്തിട്ടുമില്ല. അവൾക്ക് ചെലവിന് കൊടുക്കാൻ ആരുമില്ല. ഭർത്താവിൽ നിന്നും പിന്നീട് വസൂലാക്കാം എന്നനിലക്ക്, തനിക്കു വേണ്ടി ചെലവഴി ക്കാൻ അവളുടെ പക്കൽ ഒന്നുമില്ല. എങ്കിൽ നിയമ പ്രകാരമുള്ള ഒരു ഖാദ്വി മുഖേന അവൾക്ക് ഫസ്ഖ് നടത്താവുന്നതാണ്.*

## മിശ്ര വിവാഹം

*ഒരു മുസ്ലിം സ്ത്രീക്ക് അമുസ്ലിമിനെ വിവാഹം ചെയ്യാൻ പാടില്ല. ഭർത്താവിനു മുമ്പ്, ഭാര്യ ഇസ്ലാം സ്വീകരിച്ചാൽ, അയാൾ ഇസ്ലാം സ്വീകരിക്കുന്നതിനു മുമ്പ് അവളുമായി ബന്ധപ്പെടാൻ സൗകര്യങ്ങ ൾ ചെയ്തു കൊടുക്കരുത്.*

### *അമുസ്ലിംകളുമായുള്ള വിവാഹത്തിൻെറ ചിലനിയമ ങ്ങൾ:-*

*1-ഭാര്യയും ഭർത്താവും ഇസ്ലാം മതം സ്വീകരിച്ചാൽ അവരുടെ വി വാഹബന്ധം നിലനിൽക്കും. മതനിയമ (ശരീഅത്) പരമായ തടസ്സ ങ്ങൾ ഇല്ലെങ്കിൽ. ഉദാ:- അവൾ വിവാഹം നിഷിദ്ധമാക്കപ്പെട്ടവരി ൽ പെട്ടവളോ, മറ്റുവല്ല തടസ്സങ്ങളോ ഉള്ളവളാണെങ്കിൽ അവർ ബന്ധം പിരിയണം.*

*2-ജൂത/കൃസ്തീയ വനിതയുടെ ഭർത്താവ് ഇസ്ലാംമതം സ്വീകരിച്ചാൽ അവരുടെ വിവാഹബന് ധം നിലനിൽക്കും.*

*3-വേദക്കാർ (ജൂത/കൃസ്തീയ) അല്ലാത്ത ഭാര്യാ-ഭർത്താക്കളിൽ ഒരാൾ, ലൈംഗിക ബന്ധത്തിനു മുമ്പ് ഇസ്ലാം മതം സ്വീകരിച്ചാൽ വിവാഹം നിഷ്ഫല (ബാത്വിൽ) മാകും.*

*4-വേദക്കാരനോ, അല്ലാത്തതോ ആയ ഒരമുസ്ലിമിൻെറ ഭാര്യ-ലൈം ഗിക ബന്ധത്തിന് മുമ്പ്- ഇസ്ലാം സ്വീകരിച്ചാൽ വിവാഹ ബന് ധം പിരിഞ്ഞു. കാരണം അമുസ്ലിമിന്ന് മുസ്ലിമായസ്ത്രീ അനുവ ദനീയമല്ല.*

*5-അമുസ്ലിമിൻെറ ഭാര്യ, ലൈംഗിക ബന്ധത്തിനു ശേഷം മുസ്ലി മായാൽ ഇദ്ദ കഴിയുന്നതു വരെ നിർത്തിവെക്കപ്പെടും. ഇദ്ദ കഴി യുന്നതു വരെ ഭർത്താവ് ഇസ്ലാം മതം സ്വീകരിച്ചില്ലെങ്കിൽ വിവാഹ ബന്ധം പിരിയും. അവൾക്ക് ഇഷ്ടപ്പെട്ടവരെ പിന്നീട് വി വാഹം ചെയ്യാം. അവൾക്ക് ഇഷ്ടമാണെങ്കിൽ പഴയ ഭർത്താവി നെ പ്രതീക്ഷിക്കാം. അക്കാലത്ത് അവൾക്ക് അയാളുമായി യാ തൊരു ബാദ്ധ്യതയുമില്ല. അയാൾക്ക് തിരിച്ച് യാതൊരു നിയമ ന ടപടിക്കും അധികാരമില്ല. അദ്ദേഹം ഇസ്ലാം മതം സ്വീകരച്ചാൽ അവൾക്ക് അയാളുടെ ഭാര്യയായി തുടരാം. നികാഹ് പുതുക്കേ ണ്ടതില്ല.*

*6-ലൈംഗിക ബന്ധത്തിനു മുമ്പ് ഭാര്യ ഇസ്ലാമിൽ നിന്ന് പുറത്ത് (മുർതദ്ദ്) ആയാൽ വിവാഹബന്ധം പിരിയും. അവൾക്ക് മഹ്റി ൽ യാതൊന്നും തന്നെയില്ല. ഭർത്താവാണ് പുറത്തായതെങ്കിൽ, വി വാഹബന്ധം പിരിയും. മഹ്റിൻെറ പകുതി അയാൾക്കുള്ളതാണ്. ഭ്രഷ്ടായ ആൾ ഇസ്ലാമിലേക്ക് തിരിച്ചുവന്നാൽ- ത്വലാഖ് നടന്നി ട്ടില്ലെങ്കിൽ- അവരുടെ വിവാഹം നിലനിൽക്കും.*

## വേദക്കാരിയെ കല്യാണം കഴിച്ചാൽ...

*അല്ലാഹു മനുഷ്യന് വിവാഹം അനുവദനീയമാക്കിയിട്ടുള്ളത് സ്വഭാ വ ശുദ്ധീകരണം, മ്ളേഛതകളിൽ നിന്ന് സമൂഹത്തിന്റെ സംസ്കര ണം, ലൈംഗിക സദാചാരം, സമൂഹത്തിന് തികഞ്ഞ ഒരിസ്ലാമിക ചുറ്റുപാടിന്റെ സംവിധാനം, അല്ലാഹുവിലും മുഹമ്മദ് നബിﷺയി ലും വിശ്വസിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്നി ലക്ഷ്യ ങ്ങൾ വച്ചു കൊണ്ടാണ്. സൽസ്വഭാവവും, മാന്യതയും, ആദർശ പ്ര തിബദ്ധതയുമുള്ള ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നതിലൂടെ മാത്ര മേ ഈ നേട്ടങ്ങൾ യാഥാർത്ഥ്യമാകുകയുള്ളൂ. ഒരു വേദക്കാരിയെ വിവാഹം കഴിച്ചാൽ ഉണ്ടായേക്കാവുന്ന പ്രതികരണവും, ദോഷ ഫ ലങ്ങളും വളരെ ചുരുക്കി പറയാം.*

*1-കുടുംബത്തിൽ:- ഒരു ചെറിയകുടുംബം, ഭർത്താവ് ഉന്നത വ്യക്തിത്വ ത്തിന്റെ ഉടമ, അയാൾക്ക് ഭാര്യയിൽ സ്വാധീനം ഉറപ്പിക്കുവാൻ ക ഴിയുന്നു. അങ്ങനെയാണെങ്കിൽ ഭാര്യ ഇസ്ലാം സ്വീകരിക്കും എ ന്ന് ന്യായമായും വിചാരിക്കാം. ഇതിന് വിപരീതവും സംഭവിക്കാം. ഭാര്യ അവളുടെ മതത്തിൽ തന്നെ ഉറച്ച് നിൽക്കുന്നു. അവളുടെ മ തം അനുവദനീയമാക്കിയവ എന്ന് അവൾക്ക് തോന്നുന്ന- മദ്യ പാ നം, പന്നിമാംസം ഭക്ഷിക്കൽ, രഹസ്യ വേഴ്ചക്കാരെ സ്വീകരിക്കൽ തുടങ്ങിയ- കാര്യങ്ങൾ അവൾ ചെയ്യുന്നു. ഇതു കൊണ്ട് സ്ത്രീയും കുടുംബവും തമ്മിലുള്ള ബന്ധം തകരുകയും, ഛിന്നഭിന്നമായി പ്പോകുകയും ചെയ്യും. മക്കളെ അവൾ അനിസ്ലാമിക ആചാര ങ്ങളിൽ വളർത്തും. തന്റെ മതത്തിൽ പക്ഷപാതിത്വം*

*പുലർത്തുന്ന, അൽപം പിടിവാശി കാണിക്കുന്ന സ്ത്രീ അവളുടെ മക്കളെ ചർച്ചു കളിൽ കൊണ്ടുപോകാനും, കൃസ്തീയ പ്രാർത്ഥനകൾ കാണിച്ചു കൊടുക്കുവാനും, അതിന് പ്രാധാന്യം നൽകുവാനും മുതിർന്നാൽ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകും. ചൊട്ടയിലെ ശീലം ചുടല വരെ എന്നാണല്ലോ.*

*2-സമൂഹത്തിൽ:- മുസ്ലിം സമൂഹത്തിൽ വേദക്കാരികളുടെ വർദ്ധന അപകടകരമാണ്. മുസ്ലിം സമൂഹത്തിൻെറ തകർച്ചയുടെയും- ഇന്നത്തെപ്പോലെ- കൃസ്ത്യൻ സമൂഹത്തിൻെറ ഭൗതിക വളർച്ച യുടെയും ഘട്ടത്തിലായിരിക്കും അത് വ്യക്തമാകുക. അത്തരം സ ന്ദർഭങ്ങളിൽ അവർ മുസ്ലിം സമൂഹത്തിനകത്ത് മസ്തിഷ്ക പ്ര ക്ഷാളനത്തിൻെറ വക്താക്കളായിരിക്കും. അതിനെ തുടർന്നുള്ള ശൈഥില്യത്തിൻെറയും, സാംസ്കാരിക സങ്കലനത്തിൻെറയും, അ ർദ്ധനഗ്നരായി സ്ത്രീയും, പുരുഷനും ഇടകലരുക പോലെയുള്ള ഇസ്ലാമികാദ്ധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമായ, കൃസ്തീയാ ചാരങ്ങളുടെ പ്രചാരകരും പ്രയോക്താക്കളും അവരായിരിക്കും.*

ത്വലാക്വിലെ തത്വങ്ങൾ: ഭാര്യാ ഭർത്താക്കൾക്കിടയിൽ വഴക്കുകൾ രൂക്ഷ മാവുമ്പോൾ, പിണക്കം വർദ്ധിക്കുമ്പോൾ, സ്നേഹത്തിന്റെ ഉറവ വറ്റുമ്പോൾ, പരസ്പര ബന്ധത്തിന്റെ കണ്ണി അറ്റുപോകുമ്പോൾ, വൈവാഹിക ബന്ധത്തി ന്റെ മൂല്യങ്ങളും ലക്ഷ്യങ്ങളും അവിടെ തകരുകയായി. രണ്ടു കൂട്ടർക്കും സുഖദായകം എന്ന നിലയിൽ അവസാനത്തെ പ്രശ്നപരിഹാര മാർഗ്ഗമാ യാണ് ഇസ്ലാം വിവാഹ മോചനം അനുവദിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

وَإِنْ يَتَفَرَّقَا يُغْنِ اللَّهُ كُلاًّ مِّنْ سَعَتِهِ النساء:١٣٠

ഇനി അവരിരുവരും വേർപിരിയുകയാണെങ്കിൽ, അല്ലാഹു അവന്റെ വിശാ ലമായ കഴിവിൽ നിന്ന് അവർ ഓരോരുത്തർക്കും സ്വാശ്രയത്വം നൽകുന്ന താണ്. (വി.ക്വു. 4:130)
ഇതിനുള്ള അവസരം സ്ത്രീക്കും പുരുഷനും ഇസ്ലാം നൽകിയിട്ടുണ്ട്. അ ല്ലാഹു പറയുന്നു:

فَابْعَثُوا حَكَمًا مِّنْ أَهْلِهِ وَحَكَمًا مِّنْ أَهْلِهَا إِنْ يُرِيدَا إِصْلاَحًا يُوَفِّقِ اللَّهُ بَيْنَهُمَا النساء:٣٥

അവന്റെ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും, അവളുടെ ആൾക്കാരി ൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അ നുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പ് ഉണ്ടാക്കുന്നതാണ്. (വി.കു. 4:35)
വിവാഹത്തെ കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ ജീവിതം സൗഭാഗ്യകരമാകു മാറ് പ്രവർത്തിക്കാൻ ഇസ്ലാം കൽപിക്കുന്നു. നല്ല ഇണയെ കണ്ടെത്താൻ പ്രേരിപ്പിക്കുന്നു. അവൾ നല്ലവളും സ്നേഹമുള്ളവളും ആകണം. അത് അ വർക്കിടയിൽ നന്മയുണ്ടാക്കും. പെണ്ണിന്റെ രക്ഷകർത്താവിനോട് ഇസ്ലാം കൽപിച്ചത് സ്വൽസ്വഭാവത്തിനും മതനിഷ്ഠക്കും മുൻതൂക്കം നൽകാനാണ്. നബി ﷺ പറഞ്ഞു:

قال رسول الله صلى الله عليه وسلم ، إذا أتاكم من ترضون دينه ، وأمانته فزوجوه إلا تفعلوا تكن فتنة في الأرض وفساد كبير قالوا : يا رسول الله ، وإن كان وإن كان ؟ قال : نعم )) سعيد بن منصور

മതനിഷ്ഠയും സൽസ്വഭാവവും നിങ്ങൾക്ക് തൃപ്തികരമായ ഒരാൾ നിങ്ങളു ടെയടുക്കൽ വിവാഹാലോചനയുമായി വന്നാൽ അവന് നിങ്ങൾ (നിങ്ങളു ടെ പെൺകുട്ടിയെ) കല്യാണം ചെയ്തു

കൊടുക്കുക. അല്ലാത്ത പക്ഷം ഭൂ മിയിൽ മഹാനാശങ്ങളും കുഴപ്പങ്ങളും ഉടലെടുക്കും. പ്രവാചകരേ, അവനി ൽ സാമ്പത്തികമായും മറ്റും കുറവുകൾ ഉണ്ടെങ്കിലോ? നബി പറഞ്ഞു: അ വനു നിങ്ങൾ വിവാഹം ചെയ്തു കൊടുക്കുക. (സഊദുബ്നു മൻസൂർ)

ഭാര്യാ ഭർത്താക്കൾക്കിടയിൽ അഭിപ്രായ ഭിന്നത ഉണ്ടാകാം. അപ്പോൾ രണ്ടു പേരും ക്ഷമിക്കണമെന്നാണ് ഇസ്ലാം നിർദ്ദേശിക്കുന്നത്. അല്ലാഹു പറയു ന്നു:

وَعَاشِرُوهُنَّ بَالْمَعْرُوفِ فَإِنْ كَرِهْتُمُوهُنَّ فَعَسَى أَنْ تَكْرَهُوا شَيْئًا وَّيَجْعَلَ اللَّهُ فِيهِ خَيْرًا كَثِيرًا . النساء:١٩

അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതാണ്. ഇനി നിങ്ങൾ ക്ക് അവരോട് വെറുപ്പ് തോന്നുന്നപക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങ ളൊരു കാര്യം വെറുക്കുകയും, അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം. (വി.ക്വു. 4:19)

ഭാര്യയോടുള്ള വെറുപ്പ് അവളെ വിവാഹമോചനം നടത്താനുള്ള കാരണമാ കരുതെന്ന, പരമപ്രധാനമായ ഒരു കാര്യമാണ് ഇസ്ലാം ഇവിടെ ഉണർത്തു ന്നത്. തന്റെ ഭവനം കാരുണ്യത്തിന്റെ കേതാരമാകണമെന്ന വിശാല വീക്ഷ ണം ക്വുർആൻ മുസ്ലിമിൽ ഉണ്ടാക്കുന്നു. അല്ലാഹു പറയുന്നു: അവൻ നി ങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തിരിക്കു ന്നു. (വി.ക്വു. 30:21)

നബി ﷺ പറഞ്ഞു:

((لا يفرك مؤمن مؤمنه إن كره منها خلقا رضى منها آخر )) مسلم

ഒരു സത്യവിശ്വാസിയും സത്യവിശ്വാസിനിയെ വെറുക്കരുത്. അവളുടെ ഒരു സ്വഭാവം നിങ്ങളിൽ വെറുപ്പുളവാക്കിയാൽ മറ്റൊന്ന് നിന്നെ സന്തോഷിപ്പി ക്കും. (മുസ്‌ലിം)

വിവാഹ മോചനം പുരുഷന്റെ കയ്യിലാണ് ഇസ്‌ലാം നൽകിയിട്ടുള്ളത്. വീട്, ഭാര്യ എന്നിവയോടുള്ള അവന്റെ സാമ്പത്തിക ബാദ്ധ്യതകളോട് ചേർന്നു നി ൽക്കുന്ന ഒരു സ്വാഭാവിക കാര്യം മാത്രമാകുന്നു അത്. അവനാണ് മഹ്ർ (വിവാഹമൂല്യം) നൽകുന്നത്, കല്യാണച്ചെലവ് വഹിക്കുന്നത്. അതുകൊണ്ട് തന്നെ വിവാഹമോചനം നടന്നാൽ സാമ്പത്തികമടക്കമുള്ള നഷ്ടങ്ങൾ അവ നു തന്നെയാകുന്നു.

ക്രോധരംകങ്ങളിൽ സ്വയം നിയന്ത്രണവും, വരുംവരായ്കകളെ കുറിച്ചുള്ള ആലോചനയും സ്വാഭാവികമായും പുരുഷന്മാർക്കാണല്ലോ കൂടുതൽ. അതുകൊണ്ട് തന്നെ അവൻ വിവാഹമോചനത്തിലേക്ക് എടുത്തു ചാടാൻ സാധ്യതയില്ല. തന്റെ ഇണയുടെ കൂടെയുള്ള ജീവിതത്തിൽ സൗഭാഗ്യത്തെ കുറിച്ചുള്ള പ്രതീക്ഷ പാടെ നശിച്ചാലല്ലാതെ. വിവാഹമോചനം കൊണ്ട് തനി ക്ക് ഉണ്ടായേക്കാവുന്ന നഷ്ടവും, രണ്ടാമതൊരു വിവാഹത്തിന്ന് വരുന്ന ചെ ലവുകളും അവൻ ആലോചിക്കുക കൂടി ചെയ്താലോ...?

വിവാഹമോചനത്തിനുള്ള അധികാരം സ്ത്രീയുടെ കയ്യിലാണെങ്കിലോ...? പൊതുവെ ദുർബലയും, അവിവേകങ്ങൾക്ക് പെട്ടെന്ന് അടിമപ്പെടുന്ന സ്വ ഭാവക്കാരിയും ആയതിനാൽ പുരുഷനെക്കാൾ ധൃതിയിൽ വിവാഹമോചന തീരുമാനത്തിലെത്തി, വൈവാഹിക ജീവിതം ദുഷ്കരവും, കുടുംബ തകർ ച്ചയിലേക്കും എത്തിച്ചേരും. അവൾക്ക് മറ്റു സാമ്പത്തിക ബാധ്യതകൾ ഒ ന്നും വരാത്തതിനാൽ യാതൊരു വീണ്ടുവിചാരത്തിനും അവിടെ സ്ഥാനമു ണ്ടാകാൻ സാധ്യതയില്ല. വിവാഹ ഉടമ്പടി യഥാർത്ഥത്തിൽ ഒരു സ്ത്രീയും പുരുഷനും തമ്മിലാണ്. ഒരു സ്ത്രീയെ സ്വീകരിക്കുന്നതോടൊപ്പം തന്നെ, ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ള

പരിധിക്കുള്ളിൽ നിന്നു കൊണ്ട് വിവാഹമോചനം നടത്തുവാനുള്ള അവകാശവും അവനിൽ നിക്ഷിപ്തമാകുകയാണ്. ഒരു ഭ ർത്താവ് വിവാഹ മോചനം നടത്തുകയാണെങ്കിൽ തത്വസമ്പൂർണ്ണമായ ശരീ അത് (മതനിയമം) അവന്നു നൽകിയിട്ടുള്ള ഒരു അവകാശം അവൻ ഉപയോ ഗിക്കുന്നു എന്ന് മാത്രം.

മുസ്ലിംകൾ വിവാഹമോചനം ദുരുപയോഗപ്പെടുത്തുന്നുണ്ടാകാം. എന്നും പുതിയ തരുണികളെ സ്വീകരിക്കാനുള്ള മാർഗ്ഗമാക്കിയിട്ടുണ്ടാകാം. എന്നാൽ ദുർനടപ്പുകാരും, മതബോധവും ചിട്ടയും തീരെ കുറഞ്ഞവരും മാത്രമേ ഇ ത്തരം കാര്യങ്ങൾ ചെയ്യാറുള്ളൂ. കുറേ ദുഷ്ടന്മാർ ഒരു ഉത്തമ നിയമത്തെ ദു രുപയോഗം ചെയ്യുന്നു എന്നത് കൊണ്ട് ആ നിയമം ദുർബലമാക്കപ്പെടണ മെന്ന് മുറവിളി കൂട്ടുന്നത് ബുദ്ധിപൂർവ്വകമല്ല.

വിവാഹ മോചനത്തിന്റെ അധികാരം കയ്യിലുള്ള പുരുഷന്റെ ദയാദാക്ഷിണ്യ ത്തിനു കീഴിൽ സ്ത്രീയെ തളച്ചിടുകയല്ല ചെയ്യുന്നത്. നല്ല ഒരു ജീവിതത്തി ലേക്ക് പോകാനുള്ള കവാടങ്ങളും ഇസ്ലാം അവൾക്ക് തുറന്നു വെച്ചിട്ടു ണ്ട്. മർദ്ദകനും പരുഷസ്വഭാവിയുമായ പുരുഷന്റെ നിർഭാഗ്യവതിയായ ഭാര്യ ക്ക് വൈവാഹികബന്ധം തുടർന്നു പോകാൻ ബുദ്ധിമുട്ടാണെന്നു തോന്നി യാൽ ഫസ്ഖ് ആവശ്യപ്പെടാനുള്ള അവകാശം നൽകിയിരിക്കുന്നു. ഭാര്യയും ഭർത്താവും പരസ്പരം തൃപ്തിപ്പെട്ടു കൊണ്ട് പിരിയാൻ, തന്മൂലം പുരുഷന് വന്നേക്കാവുന്ന സാമ്പത്തിക നഷ്ടങ്ങൾ സ്ത്രീ അയാൾക്ക് നൽകിക്കൊണ്ട് രക്ഷ നേടാനുള്ള മാർഗ്ഗം എളുപ്പമാക്കിയിരിക്കുന്നു. ഇതിനുള്ള മാർഗ്ഗമാണ് ഖുൽഅ്. തന്റെ ഭർത്താവിന്റെ കൂടെ ഒത്തുപോകാൻ കഴിയാത്ത അവസ്ഥ സംജാതമായാൽ അവർക്ക് പിരിയാനുള്ള വിധികൾ സമ്പാദിക്കാനുള്ള നിയ മത്തിലേക്ക് എത്ര മാർഗ്ഗങ്ങളാണ് തുറന്നു കൊടുത്തിട്ടുള്ളത്!

ഇസ്ലാമിന്റെ വീക്ഷണത്തിൽ വിവാഹമോചനം വളരെ മോശമായ കാര്യമാ കുന്നു. ജാബിർ ؓ നിവേദനം; നബി ﷺ പറഞ്ഞു:

((إن إبليس يضع عرشه على الماء ثم يبعث سراياه فأدناهم منه منزلة أعظمهم فتنة يجيء أحدهم فيقول فعلت كذا وكذا فيقول ما صنعت شيئا قال ثم يجيء أحدهم فيقول ما تركته حتى فرقت بينه وبين امرأته قال فيدنيه منه ويقول نعم أنت )) مسلم

പിശാച് തന്റെ സിംഹാസനം വെള്ളത്തിനു മുകളിൽ വക്കുന്നു. പിന്നീട് ത ന്റെ സേനാംഗങ്ങളെ അവൻ നിയോഗിക്കുന്നു. അവരിൽ ഏറ്റവും വിനാശ കാരിയാണ് അവന്റെയടുക്കൽ ഉന്നതസ്ഥാനീയൻ. ഒരുവൻ വന്നു പറയു ന്നു: ഞാൻ ഇന്നപോലെയെല്ലാം ചെയ്തു. പിശാച് അവനോട് പറയും: നീ ഒ ന്നും പ്രവർത്തിച്ചിട്ടില്ല. പിന്നീട് മറ്റൊരുവൻ വന്നു പറയും: ഒരാൾ തന്റെ ഭാര്യയെ വിവാഹമോചനം ചെയ്യുന്നതു വരെ ഞാനവനെ ഉപേക്ഷിച്ചില്ല. അ വനെ സമീപത്തു നിർത്തിയിട്ട് പിശാച് പറയും: നീയാണ് കേമൻ. (മുസ്ലിം)

അകാരണമായി വിവാഹമോചനം നടത്തൽ അല്ലാഹുവിന്റെ നിയമം കൊ ണ്ടുള്ള കളിയാണെന്നാണ്. നബി ﷺ പറയുന്നു:

((ما بال أقوام يلعبون بحدود الله يقول أحدهم قد طلقتك قد راجعتك قد طلقتك)) ابن ماجه

അല്ലാഹുവിന്റെ നിയമങ്ങൾ കൊണ്ട് കളിക്കുന്ന ഒരു വിഭാഗത്തിന്റെ അവ സ്ഥയെന്താണ്! അവരിൽ ഒരാൾ (ഭാര്യയോട്) ഞാൻ നിന്നെ വിവാഹമോച നം ചെയ്തിരിക്കുന്നു, നിന്നെ തിരിച്ചെടുത്തിരിക്കുന്നു, നിന്നെ വിവാഹമോ ചനം ചെയ്തിരിക്കുന്നു, നിന്നെ തിരിച്ചെടുത്തിരിക്കുന്നു എന്നിങ്ങനെ പറ യുന്നു. (ഇബ്നുമാജഃ)

# أحكام الأطعمة
# ഭക്ഷണങ്ങൾ

*നല്ലതുമാത്രം ഭക്ഷിക്കുവാൻ അല്ലാഹു തൻെറ ദാസരോട് കൽപിച്ചി രിക്കുന്നു. മ്ളേഛമായവ വിലക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:*

﴿ يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ ﴾ (البقرة:١٧٢)

***സത്യവിശ്വാസികളേ നിങ്ങൾക്കു നാം നൽകിയ വസ്തുക്ക ളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചു കൊള്ളുക. [വി.ഖു. 2:172]***

*ഭക്ഷണങ്ങളെല്ലാം അനുവദനീയങ്ങളാണ് എന്നാണ് പൊതുനിയമം. മതം വിലക്കിയവ ഒഴികെ. അല്ലാഹു തൻെറ ദാസന്മാർക്ക് വിശിഷ് ടമായത് അനുവദനീയമാക്കിയിട്ടുള്ളത് അവർക്കത് ഉപകരിക്കാൻ വേണ്ടിയാണ്. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ ദൈവധിക്കാരത്തി ന് ഉപയോഗപ്പെടു ത്തപ്പെട്ടുകൂടാത്തതാണ്. ഭക്ഷണ പാനീയങ്ങളിൽ നിഷിദ്ധമായവ അല്ലാഹു തൻെറ ദാസന്മാർക്ക് വിവരിച്ചു കൊടു ത്തിട്ടുണ്ട്. അല്ലാഹു പറയുന്നു:*

﴿ وَقَدْ فَصَّلَ لَكُمْ مَا حَرَّمَ عَلَيْكُمْ إِلاَّ مَااضْطُرِرْتُمْ إِلَيْهِ ﴾ (الأنعام:١١٩)

***നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ നിങ്ങൾക്ക് വിശ ദമാക്കി തന്നിട്ടുണ്ട്. നിങ്ങൾ (തിന്നുവാൻ) നിർബന്ധിതരായി തീരുന്നതൊഴികെ. [വി.ഖു. 6:119]***

*ഹറാമാണെന്ന് പറയപ്പെടാത്തവ ഹലാലാകുന്നു.*

قال رسول الله ﷺ ((إن الله فرض فرائض، فلا تضيعوها، وحدّ حدودا، فلا تعتدوها، وحرّم أشياء، فلا تنتهكوها، وسكت عن أشياء رحمة لكم من غير نسيان، فلا تبحثوا عنها)) الطبراني

***അബൂഥഅ്‌ലബതൻ വശനീ ﷺ യിൽ നിന്നു നിവേദനം, നബി ﷺ പ റഞ്ഞു: അല്ലാഹു ചില കാര്യങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. അവ നിങ്ങൾ പാഴാക്കരുത്. ചില അതിർത്തികൾ നിശ്ചയിച്ചിട്ടുണ്ട്. അവ നിങ്ങൾ ലംഘിക്കരുത്. ചിലതെല്ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. അവ നി ങ്ങൾ പിച്ചിച്ചീന്തരുത്. നിങ്ങളോടുള്ള കാരുണ്യം നിമിത്തം ചിലതി നെ കുറിച്ചെല്ലാം മൗനം ദീക്ഷിച്ചിട്ടുണ്ട്. മറന്നതു കൊണ്ടല്ല. അതി നെ കുറിച്ച് നിങ്ങൾ അന്വേഷിക്കരുത്. [ദാറഖുത്വ്നി]***

*അല്ലാഹുവും അവൻെറ റസൂലും നിഷിദ്ധമാക്കിയിട്ടില്ലാത്ത ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും നിഷിദ്ധമാക്കാൻ പാടില്ല. ഉപദ്രവകരമ ല്ലാത്തതും ശുദ്ധവുമായ എല്ലാ വസ്തുക്കളും ഭക്ഷ്യയോഗ്യമാണെന്നാ ണ് പൊതുനിയമം. നജസ് (മാലിന്യം) ആയ വസ്തുക്കൾ ഭക്ഷ്യയോ ഗ്യമല്ല. ഉദാ: ശവം, രക്തം, മദ്യം, പുക (സിഗററ്റ്, ബീഡി). മാലിന്യം ക ലർന്ന വസ്തുക്കളും അനുവദനീയമല്ല. കാരണം അവ ഉപദ്രവമു ണ്ടാക്കിയേക്കും.*

*ശവം: നിയമ പ്രകാരം അറുക്കപ്പെടാതെ ജീവൻ നഷ്ടപ്പെട്ടത്.*

***രക്തം:** അറുക്കപ്പെട്ടവയിൽ നിന്ന് ഒഴുകിവരുന്ന രക്തം. അറവി നു ശേഷവും മാംസത്തിലും ഞരമ്പുകളിലും അവശേഷിക്കുന്ന ര ക്തം അനുവദനീയമാകുന്നു.*

*ഭക്ഷ്യപദാർത്ഥങ്ങൾ രണ്ടിനം: ജീവികൾ, സസ്യങ്ങൾ. ഉപദ്രവകാ രിയല്ലാത്തവയെല്ലാം അനു വദനീയമാകുന്നു. ജീവികൾ രണ്ടിനം. ജലജീവി, കരജീവി.*

*കടലിൽ (ജലത്തിൽ) മാത്രം ജീവിക്കുന്ന ജീവികൾ നിരുപാധികം അ നുവദനീയമാണ്. അവയെ അറുക്കൽ നിർബന്ധമില്ല. കടലിലെ (ജീവിയുടെ) ശവം അനുവദനീയമാകുന്നു.*

*കരജീവികളിൽ ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടില്ലാത്തവ അനുവദനീയ മാണ്, നിഷിദ്ധമായവ താഴെ പറയുന്നു.*

*1-നാടൻ കഴുത. 2-ഇരപിടിക്കാൻ തേറ്റ (ഉളിപ്പല്ല്) ഉപയോഗിക്കുന്നവ- മുള്ളൻപന്നി ഒഴികെ.*

*താഴെ പറയുന്നവ ഒഴികെയുള്ള പക്ഷികൾ അനുവദനീയമാണ്.*

*1-നഖംകൊണ്ട് വേട്ടയാടുന്നവ. ഇബ്നു അബ്ബാസ് ﵁ പറഞ്ഞു:*

((نهى رسول الله ﷺ عن كل ذي ناب من السباع، وعن كل ذي مخلب من الطيور)) مسلم

*വന്യജീവികളിൽ തേറ്റ (ഉളിപ്പല്ല്) ഉള്ളവയും പക്ഷികളിൽ നഖമുള്ള വയും അല്ലാഹുവിൻെറ പ്രവാചകൻ വിരോധിച്ചിരിക്കുന്നു. [മുസ് ലിം, അബൂദാവൂദ്, നസാഈ.]*

*2-ശവം തിന്നുന്ന പക്ഷികളും നിഷിദ്ധമാണ്. പരുന്ത്, കാക്ക, കഴുക ൻ എന്നിവ. അവ ഭക്ഷിക്കുന്നതിലെ മ്ളേഛരത നിമിത്തമാണത്. ഫാ മ്പ്, എലി, പ്രാണികൾ പോലെയുള്ള മ്ളേഛമായവയും നിഷിദ്ധ മാണ്.*

*മേൽപറയപ്പെട്ടവയല്ലാത്ത ജീവികളും പക്ഷികളും അനുവദനീയമാ കുന്നു. കുതിര, ആട്, മാട്, ഒട്ടകം, കോഴി, കാട്ടുകഴുത (വരയൻ കുതിര), മാൻ, ഒട്ടകപ്പക്ഷി, മുയൽ എന്നിവ.*

*കൂടുതലായി നജസ് (മാലിന്യങ്ങൾ) ഭക്ഷിക്കുന്ന ജീവി (ജലാലത്ത്) ഭ ക്ഷ്യയോഗ്യമല്ല. അവയെ മൂന്നു ദിവസം കൂട്ടിലടച്ചു, ശുദ്ധമായ വ സ്തുക്കൾ മാത്രം തീറ്റ കൊടുക്കാതെ അറുത്തു ഭക്ഷിക്കൽ നിഷി ദ്ധമാണ്.*

*ഉള്ളി, വെളുത്തുള്ളി പോലെ ദുഷിച്ച വാസനയുള്ളവ വേവിക്കാതെ ഭക്ഷിക്കുന്നത് വർജ്ജിക്കേണ്ടതാണ്. വിശിഷ്യാ പള്ളിയിലും സദസ്സു കളിലും വരുമ്പോൾ.*

*നിഷിദ്ധമായത് തിന്നാൻ ഒരാൾ നിർബന്ധിതനായി, അതു തിന്നി ല്ലെങ്കിൽ അവൻ മരിച്ചു പോകുമെന്ന അവസ്ഥയാണെങ്കിൽ ജീവൻ നിലനിർത്താൻ ആവശ്യമായത് കഴിക്കൽ അനുവദനീയമാകുന്നു. വിഷമൊഴികെ.*

*ഒരാൾ ഒരു തോട്ടത്തിൻെറ അരികിലൂടെ പോകുന്നു, അതിലെ മര ത്തിൽ ഫലങ്ങളുണ്ട്. അല്ലെങ്കിൽ അവ താഴെ വീണുകിടക്കുന്നു. തോട്ടത്തിനു മതിലോ വേലിയോ കാവൽക്കാരനോ ഇല്ല. അയാൾ ക്ക് ആ ഫലമെടുത്ത് ഭക്ഷിക്കാം. ചുമന്നു കൊണ്ടു പോകാൻ പാടില്ല. മരത്തിൽ കയറി പറിക്കുകയോ എറിഞ്ഞു വീഴ്ത്തുകയോ ചെയ്യരുത്. ഉടമസ്ഥൻ പെറുക്കി കൂട്ടിവച്ച ഫലങ്ങളിൽ നിന്നു തിന്നാനും പാ ടില്ല. നിർബന്ധിത ഘട്ടങ്ങളിലൊഴികെ.*

## അറവ്; വിധികൾ

*കരയിലെ ജീവികൾ നിയമപ്രകാരം അറുക്കപ്പെട്ടെങ്കിൽ മാത്രമേ അനുവദനീയമാകുകയുള്ളു. അതിനാൽ ചില*

*നിർബന്ധ കാര്യങ്ങ ൾ അറിഞ്ഞിരിക്കൽ അനുപേക്ഷണീയമാണ്.*

*<u>അറവ്</u>:ഭക്ഷ്യയോഗ്യമായ കരജീവിയുടെ അന്നനാളവും ശ്വാസനാ ളവും അറുക്കുക. അറുക്കാൻ കഴിയുന്ന ജീവികളെ അറുക്കാതെ ഭ ക്ഷിക്കൽ അനുവദനീയമല്ല. കാരണം, അറുക്കപ്പെടാത്തത് ശവമാ കുന്നു.*

## അറവിന്റെ നിബന്ധനകൾ

*1-അറവുകാരൻ: സ്ഥിര ബുദ്ധിയുള്ളവനും ദൈവിക മതവിശ്വാ സി (മുസ്ലിം, ജൂതൻ, കൃസ്ത്യാനി) യും ആയിരിക്കണം. ഭ്രാന്തൻ, ലഹരി ബാധിച്ചവൻ, പ്രായപൂർത്തി എത്താത്ത കുട്ടി എന്നിവർ അറുത്തത് ഭക്ഷിക്കാൻ പാടില്ല. ബുദ്ധിസ്ഥിരത ഇല്ലാത്തവരായതു കൊണ്ട് ഇവരുടെ അറവിൻെറ ഉദ്ദേശ്യം ശരിയായിക്കൊള്ളണമെ ന്നില്ല. അഗ്നി, വിഗ്രഹം, ഖബ്ർ എന്നിവയെ പൂജിക്കുന്ന സത്യനി ഷേധി അറുത്തതും തിന്നാൻ പാടില്ല.*

*2-ആയുധം: ഇരുമ്പ്, കല്ല് പോലെയുള്ള മൂർച്ച കൊണ്ട് രക്തം ഒഴുക്കാവുന്ന എല്ലാ മൂർച്ചയുള്ള വസ്തുക്കളും അറവിന് ഉപയോ ഗിക്കൽ അനുവദനീയമാകുന്നു. പല്ല്, എല്ല്, നഖം എന്നിവ കൊണ്ട് അറുക്കാൻ പാടില്ല.*

*3-ശ്വാസനാളവും അന്നനാളവും കണ്ഠനാഢികളിൽ ഒന്നും മുറിയ ണം. ഈ സ്ഥലത്ത്, ഈ വസ്തുക്കൾ തന്നെ മുറിയണം എന്നതി ലെ തത്വം ഇത് എല്ലാ ഞരമ്പുകളും സന്ധിക്കുന്ന സ്ഥലമായതു കൊണ്ടാണ്. ജീവൻ വേഗത്തിൽ പോകാനും ഇതാണ് നല്ലത്. അ ങ്ങനെ മാംസം ഏറ്റവും രുചിയുള്ളതായിത്തീരുകയും ചെയ്യും. അ റുക്കപ്പെടുന്ന ജീവിക്ക് വിഷമം കുറയുകയുംചെയ്യും.*

*വേട്ടയാടുക തുടങ്ങിയ കാരണങ്ങളാൽ-കയ്യിൽകിട്ടിയ ശേഷം- നിശ്ചിത സ് ഥാനത്ത് അറുക്കാൻ സാധിക്കാതെ വന്നാൽ അതിൻെറ ശരീരത്തി ൽ മുറിവായ ഭാഗം അതിൻെറ അറവായിരിക്കും. ശ്വാസം മുട്ടിയവ, അടിയേറ്റവ, ഉയരത്തിൽ നിന്നും വീണവ, കുത്തേറ്റവ, വന്യമൃഗങ്ങ ൾ പിടിച്ചവ എന്നിവയെല്ലാം ഭക്ഷ്യയോഗ്യമാകണമെങ്കിൽ അവ യെ ജീവനോടെ പിടിച്ചു അറുത്തിരിക്കണം.*

*4-അറുക്കുന്നവൻ 'ബിസ്മില്ലാഹി' എന്നു പറയണം. അതോടൊപ്പം അല്ലാഹു അക്ബർ എന്നു പറയൽ സുന്നത്താകുന്നു.*

## അറവിന്റെ മര്യാദകൾ

*1-മൂർച്ചയില്ലാത്ത ആയുധം കൊണ്ട് മൃഗത്തെ അറുക്കൽ വർജ്യം (ക റാഹത്ത്) ആകുന്നു.*

*2-ജീവിയുടെ കൺമുന്നിൽ വച്ച് ആയുധം മൂർച്ച കൂട്ടൽ കറാഹത്താ കുന്നു.*

*3-ഖിബ്‌ലയിലേക്കല്ലാതെ ജീവിയെ തിരിച്ചു കിടത്തുന്നതും കറാഹ ത്താകുന്നു.*

*4-ജീവനൊടുങ്ങും മുമ്പ് തല വെട്ടിമാറ്റുക, തൊലിയുരിക്കുക എന്നി വ കറാഹത്താകുന്നു.*

*5-പശു, ആട് എന്നിവയെ ഇടതുവശം ചരിച്ചു കിടത്തിയും, ഒട്ടക ത്തെ മുന്നിലെ ഇടതുകാൽ കെട്ടിനിറുത്തിയും അറുക്കൽ സുന്നത്താകുന്നു.*

## വേട്ടയാടൽ

*ആവശ്യത്തിനു മാത്രം വേട്ടയാടൽ അനുവദനീയമാണ്. വിനോദത്തി നും കളിക്കും വേണ്ടി വേട്ടയാടൽ*

*വർജ്ജിക്കേണ്ടതാണ്. വേട്ടയാട പ്പെട്ട ഒരുജീവി പിടിക്കപ്പെടുമ്പോൾ അതിനു രണ്ട് അവസ്ഥകൾ ഉ ണ്ടാകാം.*

*1-ജീവനോടെ പിടികൂടപ്പെടത്. ഇതിനെ അറുക്കൽ നിർബന്ധ മാണ്.*

*2-ജീവൻ പോയ ശേഷം പിടിക്കപ്പെടുന്നത്, അല്ലെങ്കിൽ അവസാന ത്തെ ശ്വാസത്തിൽ പിടിക്കപ്പെടുന്നത്. അവ അങ്ങനെത്തന്നെ അനു വദനീയമാണ്.*

*അറവുകാരനുള്ള നിബന്ധനകളെല്ലാം വേട്ടക്കാരനും ബാധക മാണ്.*

*1-ബുദ്ധിയുള്ളവനും മുസ്ലിമോ, വേദക്കാരനോ ആയിരിക്കണം. ഭ്രാ ന്തൻ, ലഹരി ബാധിച്ചവൻ, അഗ്നി, ബിംബം എന്നിവയെ ആരാധി ക്കുന്ന സത്യനിഷേധി (കാഫിറു) കൾ എന്നിവർ വേട്ടയാടി പിടിച്ച തിനെ മുസ്ലിമിന് ഭക്ഷിക്കാൻ പാടില്ല.*

*2-രക്തം ഒഴുക്കാൻ തക്ക മൂർച്ചയുള്ള ആയുധമായിരിക്കണം. ന ഖം, എല്ല്, പല്ല് എന്നിവ ഒഴികെ. ആയുധത്തിൻെറ മൂർച്ച കൊണ്ട്*
*മുറിവേൽക്കണം, ഭാരം കൊണ്ടാകരുത്.*

*വേട്ടക്കുപയോഗിക്കുന്ന നായ, പക്ഷികൾ -പരിശീലനം നൽകപ്പെട്ടവ യാണെങ്കിൽ- അവ കൊന്ന വേട്ടജീവികളും അനുവദനീയമാകുന്നു.*

## ജീവികളെ പരിശീലിപ്പിക്കൽ

*അതിനെ വിട്ടാൽ പോകുന്നതും, തിരിച്ചു വിളിച്ചാൽ തിരിച്ചു വരുന്ന തുമായിരിക്കണം. ജീവിയെ പിടിച്ചാൽ ഉടമസ്ഥൻ വരുന്നതു വരെ പിടിച്ചു വക്കണം. അതിൻെറ സ്വന്തം ആവശ്യത്തിനായി പിടിക്കില്ല.*

*3-വേട്ടയുടെ ഉദ്ദേശ്യത്തോടെ ആയുധം പ്രയോഗിക്കണം. ആയുധം കയ്യിൽ നിന്ന് വീണു, അതേറ്റ ഒരുജീവി ചത്തുപോയാൽ അത് അ നുവദനീയമല്ല. കാരണം, അവിടെ വേട്ട ഉദ്ദേശിക്കപ്പെട്ടിട്ടില്ല. നായ സ്വന്തമായി പോയി ജീവിയെ കൊന്നാൽ ഉടമസ്ഥൻ വിടാത്തതി നാലും വേട്ടയുടെ ഉദ്ദേശ്യം ഇല്ലാത്തതിനാലും അതും അനുവദനീ യമല്ല. ഒരാൾ വേട്ടക്കായി ആയുധം പ്രയോഗിച്ചു, മറ്റൊരു ജീവിക്ക് കൊണ്ടു. അല്ലെങ്കിൽ ഒരു കൂട്ടം ജീവികൾക്കു കൊണ്ടു. എന്നാൽ അവയെല്ലാം അനുവദനീയങ്ങളാണ്.*

*4-ആയുധം പ്രയോഗിക്കുകയോ വേട്ടജീവിയെ വിടുകയോ ചെയ്യു മ്പോൾ ബിസ്മില്ലാഹി എന്നു പറയണം. അല്ലാഹു അക്ബർ എ ന്നു പറയൽ സുന്നത്താകുന്നു.*

### *പ്രത്യേക ശ്രദ്ധക്ക്*

*നബി ﷺ അനുവാദം നൽകിയ മൂന്നു കാര്യങ്ങൾക്കല്ലാതെ നായ വള ർത്തൽ ഹറാമാണ്. വേട്ട, കന്നുകാലി സംരക്ഷണം, കൃഷി സംര ക്ഷണം.*